# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 3 | മാർച്ച് 1–31 | പേജ് 8


# പാമ്പാടിയിലെ പാരിജാതം


**പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്** (പ്രിൻസിപ്പൽ, കെ. ജി. കോളജ്, പാമ്പാടി)


ആൽബർട്ട് ഐൻസ്റ്റീൻ പണ്ട് മഹാത്മാ ഗാന്ധിയെപ്പറ്റി പറഞ്ഞു: "ഇങ്ങനെ ഒരു മനുഷ്യൻ മജ്ജയും മാംസവുമായി നമ്മുടെ ഇടയിൽ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കുക പോലും പ്രയാസമാണ്." പരിശുദ്ധ പാമ്പാടി തിരുമേനിയെ സംബന്ധിച്ചും ഈ പ്രസ്താവന അന്വർത്ഥമാണ്. പാപവും തിന്മയും അന്ധകാരപൂരിതമാക്കിയിരിക്കുന്ന ആധുനിക സമൂഹത്തിൽ ഇത്തരത്തിൽ ഒരാൾ വിശുദ്ധിയുടെയും ഹൃദയവിശാലതയുടെയും ആൾരൂപമായി ജീവിച്ചു എന്ന് വിശ്വസിക്കാൻ തന്നെ പ്രയാസമാണ്. അത്രമാത്രം ധന്യമായിരുന്നു ആ പുണ്യജീവിതം.

1885 ഏപ്രിൽ 5 ന് പാമ്പാടിയിലെ ഒരു കൃഷീവല കുടുംബത്തിൽ ജനിച്ച അദ്ദേ ഹം കൃത്യം 80–ാം ജന്മദിനത്തിൽ തന്നെ (1965 ഏപ്രിൽ 5) പരലോകം പൂകി. പ്രാഥമികവിദ്യാഭ്യാസവും വൈദികാഭ്യസനവുമല്ലാതെ സർവ്വകലാശാല ബിരുദമോ മറ്റ് ലൗകിക നേട്ടങ്ങളോ അദ്ദേഹത്തിന് പിൻബലമായി ഉണ്ടായിരുന്നില്ല. മേല്പട്ടസ്ഥാനം ഏറ്റെടുക്കാൻ പോലും മനസ്സില്ലാതിരുന്ന അദ്ദേഹത്തെ ഏറെ നിർബന്ധിച്ചിട്ടാണ് ഒടുവിൽ അദ്ദേഹം മെത്രാഭിഷേകത്തിന് സമ്മതം മൂളിയത്.

നന്നേ ചെറുപ്പത്തിൽ ശെമ്മാശുപട്ടമേറ്റ അദ്ദേഹം 21–ാം വയസ്സിൽ റമ്പാൻ സ്ഥാനവും സ്വീകരിച്ചു. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ സ്വീകരിച്ച് ഇത്ര ചെറുപ്പത്തിൽ സന്യാസദീക്ഷ സ്വീകരിച്ച വൈദികസ്ഥാനികൾ അത്യപൂർവ്വമാണ് – അന്നും ഇന്നും.

സ്വജീവിത കാലത്തു തന്നെ വിശുദ്ധൻ എന്ന ഖ്യാതി അദ്ദേഹം നേടിയിരുന്നു. കൊടിയ വേനലിൽ ഉപവാസ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി മഴ പെയ്യിച്ച സംഭവം അദ്ദേഹത്തിന്റെ അത്ഭുതപ്രവർത്തികളിൽ ആദ്യത്തേതായിരുന്നു. കുന്നംകുളത്ത് പ്ലേഗ് ബാധ പൊട്ടിപ്പുറപ്പെട്ടതറിഞ്ഞ് അവിടെ ഓടിയെത്തിയ അദ്ദേഹത്തിന്റെ വിപധിധൈര്യം പ്രസിദ്ധമാണ്. അദ്ദേഹം കുന്നംകുളം പ്രദേശത്ത് കാൽ കുത്തിയതിനു ശേഷം ഒരാൾ പോലും പ്ലേഗ്ബാധമൂലം അന്നാട്ടിൽ മരണമടഞ്ഞില്ല. ഈ അത്ഭുതപ്രവർത്തകനായ പുണ്യവാൻ തന്റെ പ്രജകളെ മരണത്തിൽ നിന്ന് രക്ഷിച്ചതിന്റെ സന്തോഷസൂചകമായി കൊച്ചി മഹാരാജാവ് പണക്കിഴി സമ്മാനിച്ചപ്പോൾ അതുപോലും നന്ദിപൂർവ്വം നിരസിച്ച മഹാത്മാവായിരുന്നു അദ്ദേഹം.

രോഗികളോടും യാചകരോടുമൊക്കെ അദ്ദേഹം കാട്ടിയ ദയാവായ്പ് ശ്രദ്ധേയമായിരുന്നു. കുഷ്ഠരോഗികളെപ്പോലും വാത്സല്യത്തോടെ കൈപിടിച്ച് നടത്തി, ഭക്ഷണവും പണവും നൽകി അദ്ദേഹം യാത്രയാക്കിയിട്ടുണ്ട്. പാമ്പാടി ദയറായിൽ ദാരിദ്ര്യമായിരുന്നപ്പോഴും പണപ്പെട്ടിയിലുണ്ടായിരുന്നതൊക്കെ അദ്ദേഹം യാചകർക്കും മറ്റും വാരിക്കൊടുത്തിരുന്നു. മനുഷ്യരോടു മാത്രമായിരുന്നില്ല, പക്ഷിമൃഗാദികളോടു പോലും അദ്ദേഹം ദയാവായ്പു കാട്ടിയിരുന്നു. പ്രാവുകൾക്കു മാത്രമല്ല, കാക്കകൾക്കു കൂടി അദ്ദേഹം അരിവാരി വിതറിക്കൊടു ത്തിരുന്നു. ഏലിയാ ദീർഘദർശിയെ പരിപോഷിപ്പിച്ചു നടത്തിയത് കാക്കകളാണെന്ന ന്യായം പറഞ്ഞാണ് അദ്ദേഹം അവയെപ്പോലും തീറ്റിപ്പോറ്റിയത്.

വിനയം പാമ്പാടി തിരുമേനിയുടെ സ്വഭാവത്തിലെ ശ്രേഷ്ഠമായ ഒരു സൽഗുണമായിരുന്നു. തന്റെ ഗുരുവായിരുന്ന മഠത്തിലാശാന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ഒരിക്കലും ഇരുന്നിരുന്നില്ല. ഗുരുസ്ഥാനീയനായിരുന്ന പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായെ കാണുമ്പോഴും അദ്ദേഹം അതീവ വിനയാന്വിതൻ ആകുമായിരുന്നു.

പ്രാർത്ഥനാനിഷ്ഠയുടെ കാര്യത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ യഥാർത്ഥ അനുയായി ആയിരുന്നു പാമ്പാടി തിരുമേനി. യാമപ്രാർത്ഥനകൾ രോഗത്തിലും വാർദ്ധക്യത്തിലും ആയിരിക്കുമ്പോൾ പോലും അദ്ദേഹം മുടക്കിയിരുന്നില്ല. സ്വന്തം കബർമുറി ജീവിതകാലത്തു തന്നെ പണികഴിപ്പിച്ച് ആ മുറിയിൽ ഇരുന്നും കിടന്നും അനേക നാളുകൾ പ്രാർത്ഥിച്ച മറ്റൊരു പുണ്യാത്മാവിനെ ചൂണ്ടിക്കാട്ടാനാവില്ല.



ആർദ്രമാനസനും തപോധന്യനുമായ പാമ്പാടി തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഉയർന്നിട്ട് കാലമേറെയായി. പ. ഗീവർഗീസ് ദ്വിതീയൻ ബാവായെയും പരിശുദ്ധ പാമ്പാടി തിരുമേനിയെയും ഔദ്യോ ഗികമായി വിശുദ്ധരെന്ന് നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ


*(ശേഷം 7–ാം പേജിൽ)*


## ആലോചനാ സമിതിയിൽ അൽമായ ട്രസ്റ്റിക്ക് രൂക്ഷവിമർശനം

കോട്ടയം: പുനഃസംഘടിപ്പിച്ച ആലോചനാ സമിതി പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പുനഃസംഘടനയെ എതിർക്കുന്ന അൽമായട്രസ്റ്റി പി. സി. ഏബ്രഹാം വിട്ടുനിന്നു. സമിതിയിലെ മറ്റംഗങ്ങളെല്ലാം യോഗത്തിൽ പങ്കെടുത്തു.

പ. കാതോലിക്കാ ബാവായെ പരസ്യമായി വിമർശിക്കുകയും അത്തരത്തിൽ കത്തെഴുതി പ്രചരിപ്പിക്കുകയും ചെയ്ത അൽമായ ട്രസ്റ്റിക്കെതിരെ യോഗത്തിൽ രൂക്ഷവിമർശനമുയർന്നതായാണറിവ്. വേണ്ട ആലോചനയോടു കൂടിയാണ് സമിതി പുനഃസംഘടിപ്പിച്ചത് എന്നാണ് സമിതിയുടെ വിലയിരു


*(ശേഷം 2–ാം പേജിൽ)*


# മലങ്കര ഓർത്തഡോക്സ് സഭയിലെ കാതോലിക്കേറ്റ് അഭിമുഖീകരിച്ചു പോരുന്ന വൈതരണികൾ


**ഫാ. ഡോ. റ്റി. ഐ. വർഗീസ് (പ്രൊഫസർ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)**


1912–ലെ രൂക്ഷമായ മലങ്കരസഭാന്തരീക്ഷത്തിൽ സ്ഥാപിതമായ കാതോലിക്കേറ്റ് ഒരു നൂറ്റാണ്ടു തികയ്ക്കുവാൻ ചില വർഷങ്ങൾ മാത്രം പിന്നിട്ടാൽ മതി. ഈ കാലഘട്ടത്തിൽ ഈ സ്ഥാപനം വഴിയായി മലങ്കര ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും പരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമാക്കേണ്ടിയിരിക്കുന്നു. ഇതിനോടകം ആറ് കാതോലിക്കാമാർ നേതൃത്വം നൽകി. ഏഴാമത്തേയാൾ നേതൃത്വമലങ്കരിച്ചിരിക്കുന്നു. അനേക വൈതരണികളത് അഭിമുഖീകരിച്ചു; സഭയെ പലതരത്തിലും പ്രശംസനീയ രീതിയിൽ ശക്തീകരിച്ചിട്ടുണ്ട്. എന്നാൽ പരിഹാരം സിദ്ധിക്കാതെ കിടക്കുന്ന അനേകം പ്രശ്നങ്ങളുമുണ്ട്. പ്രശ്നങ്ങൾ യഥോചിതം പരിഹരിച്ചു മുന്നോട്ടു നീങ്ങുമ്പോഴാണല്ലോ ആ പ്രസ്ഥാനം വളരുന്നതും ശ്രേഷ്ഠമായി തീരുന്നതും. മലങ്കരസഭയിലെ കാതോലിക്കേറ്റിനെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും അന്വർത്ഥമാണു. പ്രശ്നങ്ങളുടെ നടുവിലൂടെ അതു വളർന്നു വികസിച്ചു വരുന്നു. അത് മനസ്സിലാക്കിക്കൊണ്ട് അതിലെയംഗങ്ങൾ ഈ സ്ഥാപനത്തെ അത്യധികമായി ശക്തീകരിക്കേണ്ടതാണ്.

കാതോലിക്കേറ്റ് തത്വത്തിൽ എന്തിനെ പ്രതിനിധാനം ചെയ്യുന്നു? അത് മലങ്കരയിൽ സ്ഥാപിതമായപ്പോൾ ഉദ്ദേശിച്ചു പോന്നിരുന്നതെന്താണ്? എത്രമാത്രം അവ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്? പൂർത്തീകരിക്കാൻ പറ്റാതെ പോയിട്ടുള്ളതിന്റെ പ്രധാന കാരണങ്ങളെന്ത്? കേരളത്തിലെ മറ്റു സഭകളിലും രണ്ടു സ്ഥാനികൾ ഈ നാമത്തിൽ സ്ഥാനം സമ്പാദിച്ചിട്ടുണ്ടല്ലോ; അനേക അവകാശവാദങ്ങളോടെ! മലങ്കര ഓർത്തഡോക്സ് കാതോലിക്കേറ്റിനെ ഇവർ ഏതു വിധമാണു വീക്ഷിക്കുന്നത് – അതേ പോലെ തന്നെ നേരെ തിരിച്ചും? മലങ്കരസഭയിലെ കാതോലിക്കേറ്റും ഈ പുതിയവയുമായി വല്ല ബന്ധവും വ്യത്യാസവുമുണ്ടോ എന്നീ വിധമുള്ള അനേക ചോദ്യങ്ങൾക്കു ഉത്തരങ്ങൾ കണ്ടെത്തേണ്ടതാണ്.

**കാതോലിക്കേറ്റിന്റെ ആരംഭം**

ഇന്നത്തെ ഇറാൻ ഇറാക്ക് ഭൂപ്രദേശങ്ങളിലുള്ളതായ പൗരസ്ത്യ (പേർഷ്യൻ) സുറിയാനി സഭാ പാരമ്പര്യത്തിലാണ് ക്രിസ്താബ്ദം മൂന്നാം നൂറ്റാണ്ടു മുതൽ കാതോലിക്കാ സ്ഥാപനം ഉണ്ടായതും വളർന്നു വികസിച്ചിട്ടുള്ളതും. പുരാതന പേർഷ്യൻ സാമ്രാജ്യത്തിലെ ക്രൈസ്തവസഭയെ ഭരണപരമായും, പേർഷ്യൻ സാമ്രാജ്യത്തിലെ

**കാതോലിക്കാ ദിനം**
**ഏപ്രിൽ 2 ന്.**
**ഈ വർഷത്തെ കാതോലിക്കാ ദിനത്തിൽ അത്മായവേദി പ്രവർത്തകർ മട്ടാഞ്ചേരി പള്ളിയിലെ കൂനൻകുരിശ് സ്മാരക കുരിശിൽ സഭാദിന പ്രതിജ്ഞ എടുക്കും**

പ്രത്യേക സാഹചര്യത്തിൽ ആ സാമ്രാജ്യവുമായി സജീവമായി ബന്ധപ്പെടുത്തുന്നതിനും വേണ്ടി നിലവിൽ വരുത്തിയ ഒരു പരമോന്നത സഭാദ്ധ്യക്ഷന്റെ സ്ഥാനമാണിത്. സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരികളായ സെലൂക്ഷ്യ – കത്സിഫൺ കേന്ദ്രീകരിച്ചു സഭാഭരണം നടത്തിപ്പോന്ന സഭാദ്ധ്യക്ഷന്മാരുടെ പരിശ്രമഫലമായി ഇതു വളർന്നു വികസിച്ചു. പേർഷ്യൻ സാമ്രാജ്യത്തിലും അതിന്റെ കിഴക്കോട്ടു കിടക്കുന്ന ഏഷ്യൻ ഭൂഖണ്ഡം മുഴുവനിലുമുള്ള ക്രൈസ്തവ സഭകളുടെ അനിഷേധ്യ പരമാധികാരിയും, ഏകനേതാവും ഈ കാതോലിക്കായായിരുന്നു. ഇദ്ദേഹത്തിനായിരുന്നു ഭാരതത്തിലെ അതിപുരാതന സഭയായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭയുടെ ചുമതലയും – കുറഞ്ഞപക്ഷം 4–ാം നൂറ്റാണ്ടു മുതൽ 16–ാം നൂറ്റാണ്ടു വരെ. 1599–ലെ ഉദയംപേരൂർ സുന്നഹദോസു വഴിയായി റോമൻ കത്തോലിക്കരാണു ഈ ബന്ധം നശിപ്പിച്ചു പുരാതന ഭാരതസഭയെ അതിനുശേഷം ഛിന്നഭിന്നാവസ്ഥയിലാക്കിയത്.

തീർത്തും സ്വതന്ത്രമായിട്ടുള്ള ഒരു രാഷ്ട്രീയാന്തരീക്ഷത്തിൽ, സഭാഭരണത്തെ കേന്ദ്രീകരിച്ചുംകൊണ്ടു, സഭയുടെ സ്വാതന്ത്ര്യം സംരക്ഷിച്ചു വളർന്നു വികാസം പ്രാപിച്ച കാതോലിക്കേറ്റ്, റോമാ സാമ്രാജ്യത്തിലുണ്ടായിരുന്ന പാത്രിയർക്കേറ്റുകളേക്കാൾ അത്യധികം സഭാ അധികാരങ്ങളും, അവകാശങ്ങളും സഭാപരമായ മേഖലകളിൽ തന്മയത്വവും നിലനിർത്തിയിരുന്നു. റോമാ സാമ്രാജ്യത്തിലെ പാത്രിയർക്കേറ്റുകളുടെ ഔദാര്യത്തോടെയാണ് ഈ സ്ഥാപനം പൗരസ്ത്യ സുറിയാനി സഭയിൽ നിലവിൽ വന്നതെന്ന സിദ്ധാന്തങ്ങൾ മുഖവിലയ്ക്കെടുക്കാനേ നിവൃത്തിയില്ല. കാതോലിക്കേറ്റ് സ്വതന്ത്രമായി വളർന്നു വികസിച്ചതാണ്. ഇതിനു റോമാസാമ്രാജ്യവുമായി യാതൊരു ബന്ധവുമില്ലായിരുന്നു. റോമാ സാമ്രാജ്യത്തിലെ പാത്രിയർക്കീസന്മാർക്കു പോലും ആ സാമ്രാജ്യത്തിന്റെ മൊത്തമായുള്ള ഭൂപ്രദേശങ്ങളിന്മേലൊന്നും അധികാരമില്ലായിരുന്നു; ഒരു പ്രവിശ്യയിന്മേൽ മാത്രമാ ണ് അധികാരമുണ്ടായിരുന്നത്. റോമിലെ പാത്രിയർക്കീസിനു പോലും മദ്ധ്യശതകത്തിന്റെ അവസാനം മാത്രമെ പാശ്ചാത്യ നാടുകളിന്മേൽ പരമാധികാരം നിലവിൽ വരുത്താൻ കഴിഞ്ഞുള്ളു. അതാകട്ടെ നവീകരണകാലത്തു നാമാവശേഷവുമായിത്തീർന്നു. ഇവയെല്ലാം വച്ചു നോക്കുമ്പോൾ കാതോലിക്കായുടെ അധികാരം എത്രയധികം വിപുലവും വിസ്തൃതവുമായിരുന്നുയെന്നതു മനസ്സിലാക്കാൻ കഴിയും.

ഇസ്ലാം ഭരണം തെക്കു–പടിഞ്ഞാറൻ ഏഷ്യയിൽ പ്രബലപ്പെട്ടതോടെ അവിടങ്ങളിൽ ന്യൂനപക്ഷമായി കഴിഞ്ഞുവന്നിരുന്ന പല ക്രൈസ്തവ വിഭാഗങ്ങൾക്കും വളരുവാനുള്ള അനുകൂല സാഹചര്യം ലഭിച്ചു. ഈ വിധമുള്ള സാഹചര്യം പ്രയോജനപ്പെടുത്തി ശക്തിയാർജ്ജിച്ച ഒരു സഭാവിഭാഗമാണു തൈഗ്രീത് കേന്ദ്രീകരിച്ചുള്ള അന്ത്യോഖ്യൻ സുറിയാനി സഭയുടെ മഫ്റിയാനേറ്റ്. ഇത് അന്ത്യോഖ്യൻ സുറിയാനി പാത്രിയർക്കീസിന്റെ വിധേയത്വത്തിൽ കഴിഞ്ഞു വന്നിരുന്നതായ ഒരു സഭാ വിഭാഗത്തിന്റെ തലവനെയാണു പ്രതിനിധീകരിച്ചിരുന്നത്. ഈ തലവനെ 629 മുതൽ മഫ്രിയാനയെന്ന പേരിലാണു വിളിച്ചു പോന്നിരുന്നത്. ഈ സ്ഥാനി പൗരസ്ത്യ സുറി യാനി സഭയുടെ കാതോലിക്കായ്ക്കു യാതൊരു തരത്തിലും തുല്യനോ, സഭാധികാരങ്ങളിൽ സമനോ, പകരക്കാരനോ, മറ്റേതെങ്കിലും വിധത്തിൽ കിടപിടിക്കത്തക്കവണ്ണം ശേഷിയുള്ളവനോ ആയിരുന്നില്ല. 13–ാം നൂറ്റാണ്ടിനുശേഷവും മഫ്രിയാൻ സ്ഥാനം വഹിച്ചുപോന്നിരുന്ന തെഗ്രീസ് സഭാദ്ധ്യക്ഷൻ കാതോലിക്കായെന്നും വിളിക്കപ്പെടുവാൻ ആഗ്രഹിച്ചു. ഇത് തുടർന്നു പല ആശയക്കുഴപ്പങ്ങൾക്കും ഇടവരുത്തി. മലങ്കരസഭയിലും 1912–ൽ കാതോലിക്കാ സ്ഥാനം നിലവിൽ വരുത്തിയതു മുതൽ ഈ ആശയക്കുഴപ്പം പരിഹരിക്കാൻ പറ്റാതെ സങ്കീർണ്ണമായിട്ടുണ്ട്. ഈ ഒരു പശ്ചാത്തലത്തിലാണ് മലങ്കരയിലെ കാതോലിക്കാ മഫ്രിയാനയാണോ കാതോലിക്കയാണോ എന്നുള്ള സങ്കീർണ്ണതയിലകപ്പെട്ടിരിക്കുന്നത്. ഇതിനു


*(ശേഷം 4–ാം പേജിൽ)*

# അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി
# ഉദ്ദേശ്യലക്ഷ്യങ്ങൾ

(തുടർച്ച)

**18. സഭാകോടതികൾ ആരംഭിക്കുക.**

നീതിയുക്തമായ തീരുമാനങ്ങളുടെ അഭാവമാണ് സഭയിലുണ്ടാകുന്ന പല പ്രശ്നങ്ങൾക്കും കാരണം. മേൽപ്പട്ടക്കാർ ഒറ്റക്കു പരാതികൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ് പ്രശ്നങ്ങളുടെ പ്രധാന കാരണം. ആഭ്യന്തരപ്രശ്ന പരിഹാരത്തിന് പട്ടക്കാരും അൽമായക്കാരും ഉൾപ്പെട്ട സഭാ കോടതികൾ ഭദ്രാസനതലത്തിലും സഭാതലത്തിലും ആരംഭിക്കുക.

**19. ആരാധനയ്ക്കും ക്രമങ്ങൾക്കും സഭയിൽ ഐക്യരൂപം ഉണ്ടാക്കുക.**

മലങ്കര സഭ അംഗീകരിച്ചിരിക്കുന്ന ഹൂദായ കാനോൻ കൂദാശകൾക്ക് അടിസ്ഥാനമായി നിലനിർത്തിക്കൊണ്ട് മാർത്തോമ്മാ മാർഗ്ഗത്തിനും നസ്രാണിപൈതൃകത്തിനും അനുയോജ്യമാകും വിധം ഒരു നിയമസംഹിത രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മലങ്കരസഭാ പിതാക്കന്മാർ നടത്തിയിട്ടുള്ള പഠനങ്ങളും ഗവേഷണങ്ങളും ഉൾക്കൊണ്ട്, സഭ ആകമാനം ഐക്യരൂപമുള്ള ആചാരാനുഷ്ഠാനങ്ങൾ നടപ്പിലാക്കേണ്ടതാണ്. പല ഭദ്രാസനങ്ങളിലും വിവിധ സമയങ്ങളിൽ ആരാധനയും, വിവാഹം മുതലായ കൂദാശകളിൽ ഉള്ള വ്യത്യാസവും ഒഴിവാക്കേണ്ടതാണ്.

**20. വൈദീക സ്ഥാനികളുടെ സ്ഥാനചിഹ്നങ്ങളിലും വസ്ത്രങ്ങളിലും ഐകരൂപം ഉണ്ടാക്കുക.**

**ഉപസംഹാരം**

21-ാം നൂറ്റാണ്ടിൽ സഭ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ സഭാംഗങ്ങളെ സജ്ജമാക്കുന്നതിന് അംഗങ്ങളുടെ കർമ്മശേഷിയും, സർഗ്ഗശക്തിയും, ഊർജ്ജവും, നാനാതരത്തിലുള്ള മറ്റു കഴിവുകളും ഏകോപിപ്പിച്ച് ഒരു നവ ചൈതന്യത്തിന്റെ പാത വെട്ടിത്തുറന്ന് മുന്നോട്ട് പോകുവാൻ നേതൃത്വം നൽകുന്നതിന് അഖില മലങ്കര അൽമായവേദിയ്ക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും പ. മാർത്തോമ്മാശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ടും ഈ ഉദ്ദേശലക്ഷ്യങ്ങളെ പൊതുജനസമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

സഭയുടെ ചരിത്രത്തിലുടനീളം നിർണ്ണായകഘട്ടങ്ങളിൽ അൽമായക്കാരുടെ സംഘടിതവും ദൈവാത്മപ്രചോദിതവുമായ ഇടപെടലുകൾ സഭയെ പല അപഭ്രംശങ്ങളിൽ നിന്നും രക്ഷിച്ച് സത്യവിശ്വാസപാതയിൽ നിലനിർത്തിയിട്ടുണ്ട്.

പ്രവാചക ദൗത്യം നിർവ്വഹിക്കുവാൻ അൽമായ ശക്തിയെ തൊട്ടുണർത്തുവാൻ വേദിയുടെ പ്രവർത്തനങ്ങൾക്ക് കഴിയണമേയെന്ന് പ്രാർത്ഥിച്ചുകൊണ്ടും വിശ്വാസസംരക്ഷണത്തിനായുള്ള പോരാട്ടങ്ങളിൽ പല കാലങ്ങളിലും ദേശങ്ങളിലും സാഹചര്യങ്ങളിലും രക്തസാക്ഷികളായ സഭാസ്നേഹികളായ അൽമായാക്കാരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടും ഈ രേഖ ഉപസംഹരിക്കട്ടെ.

**(2005 സെപ്റ്റംബർ 25-ാം തീയതി കേന്ദ്ര ഓഫീസിൽ ചേർന്ന യോഗത്തിൽ അംഗീകരിച്ചത്)**

# വായനക്കാർ എഴുതുന്നു...

മലങ്കര ഓർത്തഡോക്സ് സഭയോട് ആത്മബന്ധമുള്ള മലയാള മനോരമ പത്രം പോലും സഭയുടെ വാർത്തകൾക്ക് പ്രാധാന്യം കൊടുക്കാതിരിയ്ക്കുന്നതു മൂലം സഭാസംബന്ധമായ വാർത്തകൾ അറിയുവാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ് ഉള്ളത്. ദേവലോകം, പഴയ സെമിനാരി, പാമ്പാടി ദയറാ തുടങ്ങിയ സഭാകേന്ദ്രത്തിലുള്ള ദേവാലയങ്ങളിലെ പെരുന്നാൾ വാർത്തകൾ കോട്ടയം ടൗണിൽ വിതരണം ചെയ്യുന്ന പത്രങ്ങളിൽ മാത്രം പ്രസിദ്ധീകരിയ്ക്കുമ്പോൾ ഞങ്ങളെ പോലെ കോട്ടയത്തു നിന്നും അകലെ താമസിയ്ക്കുന്ന സഭാംഗങ്ങൾക്ക് "അത്മായവേദി" മാസിക വളരെ ആശ്വാസമാണ് നൽകുന്നത്. മാസികയുടെ രണ്ടു ലക്കങ്ങളും വായിച്ചു. സഭാസംബന്ധമായ കൂടുതൽ വാർത്തകൾ വായിച്ചറിയുവാൻ മാസിക കാത്തിരിയ്ക്കുന്നു. അത്മായവേദി പോലുള്ള സംഘടനകളിൽ സ്ത്രീകൾക്കും പങ്കാളിത്തം ലഭിയ്ക്കുന്നത് നന്നായിരിയ്ക്കുമെന്നു കൂടി അഭിപ്രായപ്പെടട്ടെ.

**ജോളി പെരുമാൾ**
ഇലഞ്ഞിയ്ക്കൽ, വീയപുരം

അൽമായ അസോസിയേഷന്റെ ഗൂഢതന്ത്രങ്ങൾക്കെതിരെ പ്രതികരിക്കാൻ ശ്രമിക്കുന്നതിൽ വേദി പ്രവർത്തകരെ പ്രത്യേകം അഭിനന്ദിക്കുന്നു. എല്ലാ വടക്കൻ പ്രദേശങ്ങളിലും ശാഖകൾ രൂപീകരിച്ച് ജനങ്ങളെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്തണം.

കേസിൽ പരാജയപ്പെട്ടവർക്ക് സ്വത്തുക്കൾ വീതം വയ്ക്കാനുള്ള തന്ത്രമായിരിക്കുമല്ലോ. പിന്നെ ഇത്രയും നാൾ ഉറച്ച് നിന്നതെന്തിന്? മംഗളം പത്രത്തിലെ വാർത്ത നേരത്തെ കണ്ടു. മനോരമ അത് അല്പം വളച്ചൊടിച്ച് ഇന്ന് കൊടുത്തിരിക്കുന്നതും ശ്രദ്ധിച്ചു. പക്ഷേ വേദിയുടെ വാർത്ത മനോരമയിൽ ഇട്ടില്ലേ? പ്രവർത്തനങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിച്ചു കൊണ്ട് പ്രാർത്ഥനയോടെ നിർത്തുന്നു.

**സി. എ. ചാക്കോ**
ചാത്തൻകേരിൽ

I happened to see 2 Issues of your news letter and appreciate the concern regarding our church a ctivities.

The modifications for catholicos selection was invited from readers in your issue. Here is a suggestion. Actually this is the method they follow in selecting the Coptic church head, the Pope.

1. None of the reigning methrans are eligible for this post. 2. The senior (asst Pope) bishop is not eligible to contest.

3. When the Pope pass away the senior bishop personally visit the monastries and after carefull observation select a list of eligible rambans or achens. 4. In a special mass all the eligible candidates names are put in a challse and kept at the thronos. During the mass a deacon is called and asked to select one name from the chalise. 5. all other names are read first and last the selected name. He is enthroned as the Pope.

**Advantages:** As the Pope will be comparatively younger he will have a long reign and he will respect all other bishops. This can be tried with variations, like the selection can be made with lots from existing bishops etc.

**Dr. Abraham P. Sam**
**Kozhencherry**

# അൽമായ ട്രസ്റ്റിക്ക് രൂക്ഷവിമർശനം

*(ഒന്നാം പേജിൽ നിന്നും)*

ത്തൽ എന്നും അറിയുന്നു.

ഇതിനിടെ ആലോചനാ സമിതി പുനഃസംഘടിപ്പിക്കണമെന്ന് പഴയ ഉപദേശക സമിതിയിൽ അംഗമായിരുന്ന ഫാ. ഡോ. കെ. എം. ജോർജ്ജ് പ. ബാവായോട് അഭ്യർത്ഥിച്ചിരുന്നതായി വിവരം ലഭിച്ചു. പ. മാത്യൂസ് ദ്വിതീയൻ ബാവാ കാലം ചെയ്തതിനാൽ എല്ലാവരും രാജിവെച്ച് മാതൃക കാട്ടണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കെ. എം. മാത്യു മാത്രമാണ് രാജി സമർപ്പിച്ചത്.

കഴിഞ്ഞ ദിവസം ചേർന്ന ആലോചനാ സമിതി പ. ബാവായ്ക്ക് പൂർണ പിന്തുണ പ്രഖ്യാപിച്ചതായും പ. ബാവാ അൽമായ ട്രസ്റ്റിക്ക് രേഖാമൂലം മറുപടി കൊടുത്തതായും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ഇതിനിടെ അൽമായ ട്രസ്റ്റി നിരന്തരമായി രാജി ഭീഷണി മുഴക്കുന്നുണ്ടെങ്കിലും രാജി വയ്ക്കാനിടയില്ലന്നാണ് സൂചനകൾ.


**പ്രതിഭാ കറിപൗഡറുകൾ വാങ്ങി**
**ജീവകാരുണ്യ പ്രവൃത്തികളിൽ പങ്കാളികളാകു**

കണ്ടനാട് മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ ജീവകാരുണ്യ പ്രസ്ഥാനമായ പ്രതിഭയുടെ ഉല്പന്നമായ കറിപൗഡറുകൾ വാങ്ങി ഉപയോഗിക്കൂ. ഇതിൽനിന്ന് ലഭിക്കുന്ന വരുമാനം നിരാശ്രയരുടെയും, ആലബഹീനരുടെയും ക്ഷേമത്തിനായി ഉപകരിക്കുന്നു. ഏജന്റ്: **ചെറിയാൻ ഏബ്രഹാം, പോളച്ചിറ ഫോൺ**: 0481 – 2464171


# വർഷങ്ങളായി മലങ്കര മെത്രാപ്പോലീത്തായുടെ ഉപദേശകരായി ഇരുന്നവരോടുള്ള തുറന്ന ചോദ്യങ്ങൾ

1. 1995-ൽ സഭയ്ക്ക് അനുകൂലമായി ആവർത്തിച്ച് സുപ്രീംകോടതി വിധിയുണ്ടായിട്ടും അതു നടത്തിയെടുക്കാൻ നടപടി സ്വീകരിക്കാഞ്ഞത് എന്തുകൊണ്ട്?

2. ഒരിക്കൽ കാതോലിക്കാ ബാവായുടെ കൽപനയിലെ മാർത്തോമ്മാ സിംഹാസനം ഒഴിവാക്കിയത് എന്തിന്?

3. മണർകാട് മാർച്ച് സംഘടിപ്പിച്ചത് എന്തിന്? പിൻവലിച്ചത് എന്തിന്?

4. പാത്രിയർക്കീസ് പക്ഷത്തെ നാലു തിരുമേനിമാരെ സഭയിൽ സ്വീകരിച്ചത് എന്തിന്?

5. പിന്നീട് അവരെ തള്ളി പറയുന്നത് എന്തിന്?

6. ക്നാനായ മെത്രാപ്പോലീത്താ ക്ലീമ്മീസ് തിരുമേനിയുടെ പൗരോഹിത്യ ജൂബലിയ്ക്കു പാത്രിയർക്കീസിനെ വരുത്തുവാൻ കാതോലിക്കാ ബാവാ എന്തിന് എൻ. ഒ. സി നല്കി?

7. പാത്രിയർക്കീസ് ബാവായെ നേരിൽ കണ്ടു സംസാരിക്കാൻ അന്നു കാതോലിക്കാ ബാവായെ അനുവദിക്കാഞ്ഞത് എന്തുകൊണ്ട്?

8. മണർകാട് പള്ളിയിലെ വൈദികരടക്കം വിഘടിത വിഭാഗത്തെ വൈദീകർ പ. കാതോലിക്കാ ബാവായുടെ സമക്ഷം ഭരണഘടനയ്ക്കു വിധേയപ്പെട്ടുകൊള്ളാമെന്ന് ഉറപ്പു നല്കിയിട്ട് എന്തു നടപടി സ്വീകരിച്ചു?

9. മലങ്കര വർഗീസിനെ വധിച്ചിട്ട് നാളിതുവരെയായി നടപടി ഉണ്ടാകാത്തത് എന്തുകൊണ്ട്?

10. വാരിക്കോലിയിൽ പ. മാത്യൂസ് ദ്വിതീയൻ ബാവായെ തടഞ്ഞിട്ട് യഥാവിധി പ്രതികരിക്കാഞ്ഞതെന്തു കൊണ്ട്?

11. ചില പള്ളികൾക്കു വ്യക്തമായി ലഭിച്ചിട്ടുള്ള കോടതി ഉത്തരവുകൾ നടപ്പാക്കാഞ്ഞത് എന്തുകൊണ്ട്?

12. ഓർത്തഡോക്സ് സഭാ വാർത്തകൾക്കു മാധ്യമ പ്രാധാന്യം ലഭിക്കാതെ പോയത് എന്തുകൊണ്ട്?

13. പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ ആരോഗ്യ നിലവാരത്തെക്കുറിച്ച് പാരമ്പര്യാനുസരണം ന്യൂസ് ബുള്ളറ്റിൻ പ്രസിദ്ധീകരിക്കാഞ്ഞത് എന്തുകൊണ്ട്?

14. എ. കെ. ആന്റണി ഗവൺമെന്റിനെ വിമർശിച്ചവർ എന്തുകൊണ്ട് ഉമ്മൻചാണ്ടി ഗവൺമെന്റിനെ അനുകൂലിക്കുന്നു?

15. സുപ്രീംകോടതിയിലെ കേസ് എന്തുകൊണ്ട് അവസാനിപ്പിക്കുന്നില്ല?

16. വടക്കൻ പ്രദേശത്തെ സംയുക്ത സമിതി ആരുടെ അംഗീകാരത്തോടെ രൂപം കൊണ്ടതാണ്?

17. ആലുവാ സംഭവാനന്തരം പ. ബാവായെ ചാനൽവഴി അപഹസിച്ച വർക്കിംഗ് കമ്മറ്റി അംഗങ്ങളുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

18. മാത്യൂസ് ദ്വിതീയൻ ബാവായുടെ ഉപദേശകസമിതി അംഗങ്ങൾ സ്വയം ഒഴിഞ്ഞു പോകാതിരുന്നത് എന്തുകൊണ്ട്?

19. ഇവരിൽ ചിലർ എന്തുകൊണ്ട് സഭയ്ക്കും പ. സിംഹാസനത്തിനും എതിരായി ചില പ്രവർത്തനങ്ങൾ നടത്തുന്നു?

20. സഭയ്ക്കു തീവ്രതയും രാഷ്ട്രീയ നയങ്ങളും ഇല്ലെന്ന് അസന്നിഗ്ദമായി പ്രഖ്യാപിച്ച പ. സുന്നഹദോസിന്റെ പ്രസ്താവനയെ ദുർവ്യാഖ്യാനം ചെയ്യുന്നതിന്റെ പിന്നിൽ നിങ്ങളിൽ ചിലർ ഇല്ലേ?

21. പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും തമ്മിൽ കാണാൻ നാളിതുവരെ അവസരം ഉണ്ടാക്കാത്തത് എന്തുകൊണ്ട്?

22. ഉപദേശകസമിതിയിലെ ചിലർ പാത്രിയർക്കീസ് ബാവായെ രഹസ്യമായി കണ്ടു ചർച്ച നടത്തുന്നതായി അറിയുന്നു. ഇതു ശരിയോ?

23. പ. ബാവായും സുന്നഹദോസും അറിയാതെ ചില സംയുക്ത സമിതികൾക്കു രൂപം നൽകുന്നത് എന്ത് ഉദ്ദേശ്യത്തിലാണ്?

24. സഭാസ്നേഹിയും ഇന്ദിരാഗാന്ധിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനുമായിരുന്ന രാജ്യതന്ത്രജ്ഞൻ ഡോ. പി. സി. അലക്സാണ്ടരുടെ പ്രസിഡണ്ട് സ്ഥാനാർത്ഥിത്വം ചോദ്യം ചെയ്ത വിഘടിത കാതോലിക്കായ്ക്കും കോൺഗ്രസ് നേതൃത്വത്തിനും എതിരെ എന്തുകൊണ്ട് പ്രതികരിച്ചില്ല?

# കോലഞ്ചേരിയിലാരു നേടി?

**ക്യാപ്റ്റൻ കോശി മത്തായി** (വൈസ് പ്രസിഡണ്ട്)

*അങ്ങനെ കോലഞ്ചേരി കടമറ്റം പള്ളികൾ തുറന്നു; കോടതിവിധികളെ കാറ്റിൽ പറത്തി. നേതൃത്വത്തിന്റെ കടുത്ത എതിർപ്പിനെ മറികടന്ന്, സംഘടിത ജനകീയശക്തി തങ്ങളുടെ അവകാശം നേടിയെടുത്തു. ഓർത്തഡോക്സ് സഭാനേതൃത്വത്തിന്റെ മുഷ്ക്കു കൊണ്ട് വർഷങ്ങളായി പൂട്ടിക്കിടന്ന പള്ളികൾ കക്ഷിഭേദമെന്യേയുള്ള ജനകീയ മുന്നേറ്റത്തിനു മുമ്പിൽ താനേ തുറന്നു. അത്യുന്നതങ്ങളിൽ സമാധാനം, ഭൂമിയിൽ സംതൃപ്തി. പൂട്ടിക്കിടന്ന മറ്റു പള്ളികളും ഇതേ നിലപാടു സ്വീകരിക്കാൻ അണിയറ നീക്കം നടക്കുന്നു.*

എന്നാൽ ഈ നാടകത്തിലൂടെ കോലഞ്ചേരി, കടമറ്റം ഇടവകകളിലെ ആയിരക്കണക്കിനു സാധാരണക്കാരെ വിരലിലെണ്ണാവുന്ന ഒരു വിഭാഗം തന്ത്രപൂർവം വിഡ്ഢികളാക്കുകയാണ് ചെയ്തത്. കോടിക്കണക്കിനു രൂപയുടെ ആസ്തിയും ലക്ഷക്കണക്കിനു രൂപ വരുമാനവുമുള്ള ഈ പള്ളികൾ 1934 ലെ ഭരണഘടനയനുസരിച്ച് തങ്ങൾക്ക് ഭരിക്കാനുള്ള അവകാശമാണ് സാധാരണക്കാരായ ഇടവകക്കാർക്ക് നഷ്ടമായത്. അടുത്ത ഏതാനും വർഷത്തേക്കെയ്ക്കെങ്കിലും ഇടവകക്കാരെ ഭരണത്തിൽ നിന്നകറ്റി നിർത്തുവാൻ ഈ നടപടി മൂലം ഉറപ്പാക്കി.

ഈ സഹകരണ പ്രഹസനത്തിനു പകരം കോടതിവിധി നടപ്പാക്കി പള്ളി തുറന്നിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? മൂന്നു മാസത്തിനുള്ളിൽ 1934 ലെ ഭരണഘടനയനുസരിച്ച് വോട്ടർ പട്ടിക തയാറാക്കി പൊതുയോഗം കൂടും. കൈക്കാരന്മാരെയും മാനേജിംഗ് കമ്മറ്റിയെയും ഈ പൊതുയോഗം തിരഞ്ഞെടുക്കും. അതോടെ പള്ളിയുടെ സ്ഥാപനങ്ങളും പണവും കൈവശം വെച്ചിരിക്കുന്നവർ - സർക്കാരടക്കം - അവ തിരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിക്കു കൈമാറാൻ നിർബന്ധിതരാകും. നാളിതുവരെയുള്ള കണക്കുകളും അവർ പൊതുയോഗത്തെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. മുമ്പോട്ട് പൊതുയോഗ തീരുമാനപ്രകാരം ഭരണസമിതി പള്ളിഭരണം നടത്തുകയും സമയാസമയങ്ങളിൽ കണക്ക് ബോധിപ്പിക്കുകയും ചെയ്യണം. വർഷാവർഷം തിരഞ്ഞെടുപ്പു നടത്തി പുതിയ ഭരണസമിതിയെ അധികാരമേല്പ്പിക്കുകയും ചെയ്യണം. ചുരുക്കത്തിൽ അധികാരവും ധനവിനിയോഗവും ഇടവകക്കാരുടെ കൈകളിലെത്തിയേനേ.

ഇതിനു പ്രത്യക്ഷമായ ഉദാഹരണമാണ് പുതുപ്പള്ളിപ്പള്ളി. 70 വർഷത്തെ റിസിവർ ഭരണത്തിനും തവണ വീതത്തിനും ശേഷം കോടതിവിധി നടപ്പിലാക്കി. മൂന്നു മാസത്തിനകം 1934 ലെ ഭരണഘടനയനുസരിച്ച് പൊതുയോഗം കൂടി തിരഞ്ഞെടുപ്പ് നടത്തി. ഇടവക മെത്രാപ്പോലീത്ത നിയമിച്ച വികാരിയും തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരും മാനേജിംഗ് കമ്മറ്റിയും ഭരണമേറ്റു. പള്ളി സ്വത്തുക്കളും റിസീവർ ഭരണത്തിന്റെ നീക്കിബാക്കി പണവും (ഇത് മൂന്നു കോടി രൂപയിലധികം ഉണ്ടായിരുന്നു) ഭരണസമിതിക്കു കൈമാറി. തുടർന്ന് ഏതാനും വർഷം കൊണ്ട് അവിടെ ഉണ്ടായ വികസനപ്രവർത്തനങ്ങൾ എത്രയെന്ന് എഴുതേണ്ട ആവശ്യമില്ല.

ഇന്നവിടെ വർഷാവർഷം തിരഞ്ഞെടുപ്പ് നടത്തി കൈക്കാരന്മാരെയും കമ്മറ്റിയെയും തിരഞ്ഞെടുക്കുന്നു. പൊതുയോഗത്തെ കണക്ക് ബോദ്ധ്യപ്പെടുത്തുന്നു. പട്ടക്കാരെ ഇടവക മെത്രാപ്പോലീത്താ നിയമിക്കുന്നു. അധികാരവും ധനവിനിയോഗവും പുതുപ്പള്ളി ഇടവകക്കാരുടെ കൈവശമിരിക്കുന്നു. ഈയൊരു അവസരമാണ് കോലഞ്ചേരി, കടമറ്റം ഇടവകക്കാർക്ക് നഷ്ടപ്പെട്ടത്. ബുദ്ധിമാന്മാർ കളിച്ചു. സഹകരണ പ്രഹസനത്തിൽ പള്ളി തുറന്നു. സാധാരണക്കാരായ ഭൂരിപക്ഷം ഇടവകക്കാർ വിഢികളായി നോക്കി നിന്നു.

ഇത്തരം സ്വാർത്ഥതാൽപ്പര്യക്കാരാണ് താൽക്കാലിക ഉടമ്പടികളിലൂടെ പള്ളി തുറക്കാൻ തിരക്കുകൂട്ടുന്ന പ്രമാണികൾ. അവർക്ക് ഒരു ഉദ്ദേശ്യമേയുള്ളു. ജനത്തെ ഭരണത്തിൽ നിന്നകറ്റി നിർത്തുക. നിയമാനുസൃതവും ക്രമീകൃതവുമായ ഭരണം ഉണ്ടാവില്ല എന്നുറപ്പു വരുത്തുക. ആരോടും കണക്കു പറയാതിരിക്കുക. ഈ കള്ളനാണയങ്ങളെ തിരിച്ചറിയണം അവരെ ഒറ്റപ്പെടുത്തണം. എന്നാലേ ഓർത്തഡോക്സ് സഭ രക്ഷപ്പെടൂ.

# കേസ് പരാജയപ്പെടുത്താൻ സംഘടിത നീക്കം

കോട്ടയം: സുപ്രീംകോടതിയിൽ നടന്നുവരുന്ന കേസിൽ പ. കാതോലിക്കാ ബാവായെ പരാജയപ്പെടുത്താൻ രഹസ്യനീക്കം നടക്കുന്നതായി റിപ്പോർട്ട്. മുമ്പ് കേസ് നടത്തിവന്ന ചില വക്കീലന്മാരും ആലോചനാസമിതി പുനഃസംഘടനയിൽ അസംതൃപ്തരായ സഭയിലെ ഏതാനും സ്ഥാനികളുമാണ് ഈ നീക്കത്തിനു പിന്നിൽ.

പ. മാത്യൂസ് ദ്വിതീയൻ ബാവാ കാലം ചെയ്തതിനെ തുടർന്നു പ. ദിദിമോസ് പ്രഥമൻ ബാവാ കക്ഷിചേരാൻ കൊടുത്ത അപേക്ഷ സുപ്രീംകോടതി തള്ളാനുള്ള തന്ത്രമാണ് സഭയ്ക്കുള്ളിൽ നിന്നുകൊണ്ട് ഈ വിഭാഗം പയറ്റുന്നത്. ഇതിനായി സുപ്രീംകോടതിയിലെ സഭയുടെ അഭിഭാഷകർക്ക് കൊടുത്ത കേസ്നോട്ടിൽ ബോധപൂർവ്വം പിഴവുകൾ വരുത്തിയിട്ടുള്ളതായി പറയപ്പെടുന്നു. സഭയെ രണ്ടായി പിളർത്തി ഒരു ഭാഗം വിഘടിത കാതോലിക്കായ്ക്ക് അട്ടിപ്പേറു കൊടുക്കാമെന്ന് പ്രതിജ്ഞ ചെയ്ത ഏതാനും പ്രമാണിമാരാണ് ഈ നീക്കത്തിനു പിന്നിലെന്നും സംസാരമുണ്ട്. പ. ബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ചോദ്യം ചെയ്തു കൊടുത്ത കേസിനു പിമ്പിലും ഇതേ കോക്കസാണെന്നു പറയപ്പെടുന്നു.

ഇതിനിടെ കഴിഞ്ഞ ദിവസം കൂടിയ ആലോചനാ സമിതി കേസുകൾ ഇനി പ. ബാവാ നേരിട്ടു നടത്തിയാൽ മതി എന്നു ശുപാർശ ചെയ്തതായി റിപ്പോർട്ടുണ്ട്. കേരളത്തിലെ വക്കീലന്മാർ തയാറാക്കിയ നോട്ട് മറ്റു വിദഗ്ദ്ധ നിയമജ്ഞരുമായി ആലോചിച്ചശേഷം ഡൽഹിയിൽ എത്തിച്ചാൽ മതി എന്നു പ. ബാവായെ പലരും ഉപദേശിച്ചതായും അറിയുന്നു.

# ഓർത്തഡോക്സുകാർക്ക് അവഗണന

ആസന്നമായ പൊതുതെരഞ്ഞെടുപ്പിൽ ജാതിമത വിഭാഗങ്ങൾക്കായി സീറ്റുവിഭജനം നടത്തിയ എൽ. ഡി. എഫ്., യു. ഡി. എഫ്. കാർ 25 ലക്ഷം വിശ്വാസികളുള്ള ദേശീയ സഭയായ ഓർത്തഡോക്സ് സഭയെ തങ്ങ ളുടെ ചിറയിലെ കുടികിടപ്പുകാരെപ്പോലെയാക്കി.

ഇരുമുന്നണികളും തെക്കും, വടക്കും ഓർത്തഡോക്സ് സ്ഥാനാർത്ഥികളെ അവഗണിച്ചു. വടക്ക് വിഘടിത വിഭാഗത്തിന്റെ പടക്കുതിരകളായ പി. പി. തങ്കച്ചൻ, വി. ജെ. പൗലോസ്, റ്റി. എം. ജേക്കബ് എന്നിവർക്ക് വേണ്ടി കുന്നത്തുനാട്, കോതമംഗലം, പെരുമ്പാവൂർ പാക്കേജിലൂടെ ഹൈക്കമാണ്ടിനേയും, ഓർത്തഡോക്സുകാരെയും വീഴിക്കാൻ കല്ലാപ്പാറയെ കൊണ്ട് കല്ലുവച്ച കള്ളക്കഥ പറയിച്ച് കക്ഷിയും, പക്ഷവും ഇല്ലാത്ത ഉമ്മൻചാണ്ടിയെ പക്കാ ഓർത്തഡോക്സാക്കി കാര്യം കണ്ടു.

സഭയുടെ കാര്യത്തിലും 95 -ലും 2002 ലേയും സുപ്രീംകോടതി വിധിക്കു മുകളിലും മന്ത്രിസഭാ ഉപസമിതി, സംയുക്ത സമിതികൾ ഉണ്ടാക്കി സഭയെ വഞ്ചിച്ചു. 25 ലക്ഷം വരുന്ന ഓർത്തഡോക്സുകാരന് ഇരുമുന്നണിയിലും കൂടി 3 സീറ്റും 6 ലക്ഷം വരുന്ന മാർത്തോമ്മാക്കാരന് 6 സീറ്റും കേവലം 5 ലക്ഷത്തിന് താഴെവരുന്ന പാത്രിക്കീസ് വിഭാഗത്തിന് 11 സീറ്റും എന്നതാണിപ്പോഴത്തെ അവസ്ഥ.

## ഉമ്മൻചാണ്ടി തിക്തഫലം അനുഭവിക്കും; സഹായിച്ചവരെ സഹായിക്കും: യാക്കോബായ സഭ

കൊച്ചി: യാക്കോബായസഭയെ സഹായിച്ച സ്ഥാനാർത്ഥികളെയും മുന്നണിയെയും നിയമസഭാ തെരഞ്ഞെടുപ്പിൽ സഭ സഹായിക്കുമെന്ന് സഭാവക്താവ് ഫാ. വർഗീസ് കല്ലാപ്പാറ അറിയിച്ചു.

യു. ഡി. എഫ് ഭരണകാലത്താണ് സഭയു ടെ പള്ളി പൂട്ടി ആരാധന മുടക്കിയത്. വൈദികപീഡനത്തിനും ആലുവ ലാത്തിച്ചാർ ജിനും നേതൃത്വം നൽകിയതിന്റെ തിക്തഫ ലം ഉമ്മൻചാണ്ടി അനുഭവിക്കും. യു. ഡി. എഫ്. സർക്കാർ പ്രഖ്യാപിച്ച പാക്കേജ് നട പ്പാക്കാൻ വൈകുന്നത് ദോഷം ചെയ്യും. ദുഃഖവെള്ളി, ഈസ്റ്റർ ദിവസങ്ങളിലെ ചട ങ്ങുകളെങ്കിലും എല്ലാ പള്ളികളിലും നടത്താൻ സാഹചര്യമൊരുക്കണം. ഉമ്മൻചാണ്ടിയും ദിദിമോസ് പ്രഥമനും ഒത്തുകളിക്കുകയാണ്. വാക്കുകൊണ്ട് യാക്കോബായ സഭയെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്ന ഉമ്മൻചാണ്ടി പ്രവൃത്തികൊണ്ട് ഓർത്തഡോക്സ് സഭയെയാണ് സഹായിക്കുന്നത്.

തെരഞ്ഞെടുപ്പു കഴിയുന്നതോടെ ഓർത്തഡോക്സ് സഭ രണ്ടാകും. പ്രധാന വിഭാഗം യാക്കോബായ സഭയിൽ ലയിക്കും. പലയിടത്തും യാക്കോബായ - ഓർത്തഡോക്സ് ഐക്യസമിതികൾ രൂപം കൊണ്ടിട്ടുണ്ട്. പള്ളികൾ സംരക്ഷിക്കാനാണ് സമിതികളെന്നും സഭാവക്താവ് പത്രക്കുറിപ്പിൽ അറിയിച്ചു. (ദേശാഭിമാനി, മാർച്ച് 16)

# ഒറ്റപ്പെടുത്തൽ ശ്രമം തടയും: അൽമായവേദി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിൽ ക്രിയാത്മകമായ മാറ്റങ്ങൾ വരുത്തുന്ന പ. ദിദിമോസ് പ്രഥമൻ ബാവായെ ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് വിശ്വാസികൾ ശക്തമായ തിരിച്ചടി നൽകുമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് മുന്നറിയിപ്പു നൽകി. സാധാരണക്കാരായ ലക്ഷക്കണക്കിനു വിശ്വാസികളുടെ പിന്തുണ പ. ബാവായുടെ ഇപ്പോഴത്തെ നടപടികൾക്കുണ്ടെന്നും അവർ പ്രസ്താവിച്ചു.

കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി മലങ്കരസഭയേയും പ. മാത്യൂസ് ദ്വിതീയൻ ബാവായെയും തടവിലാക്കി സഭയെ സ്വന്തം സ്ഥാപിത താൽപര്യങ്ങൾക്കായി വിനിയോഗിച്ച വ്യവസായ - മാധ്യമ - രാഷ്ട്രീയ ലോബിയാണ് ഈ ശ്രമങ്ങൾക്ക് പിന്നിൽ. മലങ്കര സഭാഭരണം സുതാര്യവും കാര്യക്ഷമവും നിയമവിധേയവുമാക്കാൻ പ. ദിദിമോസ് പ്രഥമൻ ബാവാ നടത്തുന്ന നടപടികൾ തങ്ങളുടെ സ്വേഛാപരമായ പ്രവർത്തനങ്ങൾക്ക് വിഘാതമായതിനാലാണ് അദ്ദേഹത്തെ ഒറ്റപ്പെടുത്തി ദുർബലമാക്കാനുള്ള ശ്രമം നടത്തുന്നതെന്ന് അൽമായവേദി സെക്രട്ടറിയേറ്റ് വിലയിരുത്തി.

സമീപകാലത്ത് ബാവായുടെ ഉപദേശക സമിതിയിൽ നിന്നു പുറത്തായവരും തുടർന്നുള്ള അഴിച്ചുപണികളിൽ സ്ഥാനം പോകുമെന്ന് ഭയക്കുന്നവരും സഭാസ്വത്തുക്കളും സ്ഥാപനങ്ങളും കൈവശമാക്കി അനുഭവിക്കുന്നവരുമാണ് ഈ നീക്കത്തിനു പിന്നിൽ. ഇവരിൽ ചില വൈദികസ്ഥാനികളും ഉൾപ്പെട്ടിട്ടുണ്ടെന്ന് അൽമായവേദി അറിയിച്ചു. ചില കടലാസ് സംഘടനകളുണ്ടാക്കി ബാവായെ വെല്ലുവിളിച്ചതിനും വിരലിലെണ്ണാവുന്നവർ മാത്രം പങ്കെടുത്ത യോഗത്തിന് വൻ വാർത്താ പ്രാധാന്യം നൽകിയതും ഈ സംഘടിത ശ്രമത്തിന്റെ ഭാഗമാണ്. മലങ്കര സഭയെ തങ്ങളുടെ കൈപ്പിടിയിലൊതുക്കാൻ ഏതു ഹീനമാർഗ്ഗവും ഇക്കൂട്ടർ സ്വീകരിക്കുമെന്നുള്ളതിന്റെ തെളിവാണ് വിഘടിത വിഭാഗവുമായി ഉണ്ടാക്കിയ രഹസ്യധാരണ. വിഘടിത വിഭാഗത്തിലെ ഉന്നതരുമായി ഇക്കൂട്ടർക്ക് മുമ്പു തന്നെ രഹസ്യധാരണയുണ്ട്. ആ ധാരണയുടെ ഭാഗമാണ് മണർകാട് മാർച്ച് ഉണ്ടാക്കിയും പൊളിച്ചും പ. മാത്യൂസ് ദ്വിതീയൻ ബാവായെ അവഹേളിച്ചതും. 1995 ലെ സുപ്രീംകോടതി വിധി നടപ്പാക്കാതിരുന്നതും ഇതേ ലോബിയുടെ നടപടിയായിരുന്നുവെന്ന് അൽമായവേദി ആരോപിച്ചു.

അൽമായവേദി ദീർഘകാലമായി ആവശ്യപ്പെടുന്നതും മലങ്കരസഭയിലെ ലക്ഷക്കണക്കിന് സാധാരണക്കാരായ വിശ്വാസികളുടെ ആഗ്രഹവുമാണ് പ. ദിദിമോസ് പ്രഥമൻ ബാവാ ഇപ്പോൾ നടപ്പാക്കുന്നത്. അദ്ദേഹത്തെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരാനുള്ള ശ്രമം പരാജയപ്പെട്ടതിനാലാണ് ഈ ലോബി ഇപ്പോൾ ഹാലിളകുന്നത്. അതിനെതിരെ സാധാരണക്കാരായ വിശ്വാസികളുടെ സംഘടിതശക്തി ഉയരണമെന്നും ഈ ഇത്തിൾകണ്ണികളെ ഒറ്റപ്പെടുത്തണമെന്നും അൽമായവേദി ആഹ്വാനം ചെയ്തു.


**സെഞ്ച്വറി വാച്ച് ഹൗസ്**

**വടകര കോംപ്ലക്സ്**
**എസ്. ബി. റ്റി. ക്കു സമീപം**
**പാമ്പാടി**

വാച്ച് റിപ്പയറിംഗും വില്പനയും


# അച്ചനും കൊച്ചനും

(ഭാഗം 3)

**മാത്തുക്കുട്ടിച്ചായൻ**

കൊച്ചൻ: അച്ചോ! ഇന്നു ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചിരുന്നത് 1934 - ലെ വളിച്ചു ദുർഗന്ധം വമിക്കുന്ന ഭരണഘടനയെക്കുറിച്ചും മഞ്ഞിനിക്കര പെരുന്നാളിനു അന്ത്യോഖ്യായിൽ നിന്നും വന്ന ഉസ്മാൻ മോർ സലിം തിരുമേനിയെക്കുറിച്ചും അമ്മവീടിനെക്കുറിച്ചും ആയിരുന്നു. എന്നാൽ ഓർത്തഡോക്സുകാർ അവരുടെ തേരാളിയും മാർഗ്ഗദർശിയുമായിരുന്ന 'മനോരമ'യുടെ മാധ്യമ സപ്പോർട്ടോടും ഒരു സന്യാസിയുടെ ആശീർവാദത്തോടും അവരുടെ അനുയായികളും അനുവാചകരും ചേർന്നു നമ്മുടെ കേഫ പോലെ 'ഓക്കാ' എന്ന സംഘടന ഉണ്ടാക്കിയ വാർത്ത ആഴ്ചകളായി മനോരമയിൽ മാത്രം വായിച്ചു.

അച്ചൻ: ഓ, അത് അൽമായവേദിക്കാരല്ലേ? വേദിക്കാരെ ഒതുക്കാൻ ഗുണ്ടകളേയും പോലീസിനേയും ഉപയോഗിച്ചു നോക്കി. ഫലിച്ചില്ല. അതുകൊണ്ടായിരിക്കാം, നമ്മുടെ സംയുക്ത സമിതിയും ഉഭയകക്ഷി നേതാക്കളും 'ഓക്ക'യ്ക്കു ജന്മം നല്കിയത്. എന്തുമാകട്ടെ, ഇതിന് ആത്മാർത്ഥമായി പ്രവർത്തിച്ച ശ്രേഷ്ഠ വൈദികനും മനോരമയ്ക്കും വേണ്ടി പാത്രിയർക്കീസ് ബാവായുടെ ഒരനുഗ്രഹകല്പന ഉടനെ ഉണ്ടാക്കി കൊടുക്കണം.

കൊച്ചൻ: എന്നാൽ 'മനോരമ' പ്രധാന പേജിൽ പ്രസിദ്ധീകരിക്കയും ചെയ്യും അച്ചോ! "ഓക്കയുടെ ഉദ്ദേശ്യലക്ഷ്യം എന്താണ്?

അച്ചൻ: 1934 ലെ സഭാ ഭരണഘടനയും, 1995 ലെ സുപ്രീംകോടതി വിധിയും നടപ്പാക്കാതെ നമുക്കും അവർക്കും അവരവരുടെ കായികബലം എല്ലാ പള്ളികളിലും ഉപ യോഗിച്ച് കയറിയിറങ്ങി വിഹരിക്കാൻ അവസരം കൊടുക്കണം എന്നാണ്. അങ്ങനെ സുതാര്യസഭ കെട്ടിപ്പെടുക്കാം.

കൊച്ചൻ: അതു കൊള്ളാം.

അച്ചൻ: നീ 'ഓക്കാ' എന്നു പറയുന്നതു വല്ല കാലിത്തീറ്റയുമാണോ?

കൊച്ചൻ: മൃഗങ്ങൾ ഇന്നു കൊഴുത്തു നടക്കുന്നതു 'ഓക്ക' തിന്നല്ലേ? സഭയിലെ ഭരണമാറ്റത്തോടെ ക്ഷീണമുണ്ടാകുന്ന ചില ഓർത്തഡോക്സ് നേതാക്കളുടെ ധാരണയുടെ അടിസ്ഥാനത്തിലുള്ള 'ഓക്ക'യാണിത്.

അച്ചൻ: O. C. A. A. എന്നാൽ ഓർത്തഡോക്സ് ക്രിസ്ത്യൻ അൽമായ അസ്സോസിയേഷൻ എന്നാണ്.

കൊച്ചൻ: അല്ലച്ചാ. O - ഉമ്മൻ. C - ചാണ്ടി. A - ആക്കി. A - എടുക്കാൻ. എന്നു പറഞ്ഞാൽ ഓർത്തഡോക്സ് അൽമായക്കാരെയും നമ്മളേയും എല്ലാം ഉമ്മൻചാണ്ടിയുടേതാണ് എന്നു ഉറപ്പിക്കാനുള്ള സംഘടനകളാണ് "ഓക്ക"യും "കേഫ"യും.

അച്ചൻ: ഇതു പറഞ്ഞപ്പോഴാണ് നമ്മുടെ പ്രഗത്ഭരായ നാലു തിരുമേനിമാരെ 1934 ലെ വളിച്ച ഭരണഘടന കാട്ടി വെരട്ടി അവരുടെ പക്ഷത്താക്കി ഏലിയാ കത്തീഡ്രലിൽ സ്വീകരണം നല്കിയത് ഒരു റമ്പാച്ചനും മാത്തുക്കുട്ടിച്ചായനും അവറാച്ചായനും അന്നത്തെ ബാവായും കൂടിയാണ്. അന്നത്തെ ആ യോഗത്തിൽ 150 പേരേ ഉണ്ടായിരുന്നുള്ളു എങ്കിലും നമ്മുടെ തിരുമേനിമാരെ അന്നു വാഴ്ത്തി പുകഴ്ത്തിയ അതേ നാവുകൊണ്ട് പറയുന്നു ഇവർ തീവ്രവാദികളാണ്, വിമതരാണ്, എൽ. ഡി. എഫ്. ആണ്, ഇവർ സഭയെ തട്ടിക്കൊണ്ടു പോകും എന്ന്.

കൊച്ചൻ: അതു നടക്കില്ല. നമ്മുടെ ശ്രേഷ്ഠബാവായ്ക്ക് ഓഫറുകൾ നല്കുമ്പോൾ ഭീഷണിയും ബഹളവും വയ്ക്കുന്നതു പോലെ, ദിദിമോസ് ബാവായെ ഭീഷണിപ്പെടുത്തി കാര്യം നേടാൻ സാധിക്കുന്നില്ലെ ന്നാണു പറച്ചിൽ. കാരണം, ബാവായും വിശ്വാസികളും ഒറ്റക്കെട്ടായി നില്ക്കും.

അച്ചൻ: എന്നിട്ടാണോ പണ്ട് ആന്റണി മുഖ്യനായിരുന്നപ്പോൾ കോലഞ്ചേരിയിലും തിരുവല്ലായിലും എല്ലാം മാത്യൂസ് ദ്വിതീയനെക്കൊണ്ട് ഈ ആന്റണി, സഭയെ ഉപദ്രവിക്കുന്നു എന്നു പ്രസംഗിപ്പിച്ച് ആന്റണിയെ കസേരയിൽ നിന്ന് ഇറക്കി, ബാവാ തിരുമേനിയെ മോശക്കാരനാക്കി.

കൊച്ചൻ: അതുകൊണ്ടല്ലേ നമുക്ക് പാത്രിയർക്കീസിനെ വരുത്താനും സംഘടിക്കാനും പറ്റിയതും കോലഞ്ചേരിയിലെ ചേട്ടന്മാര് സംയുക്ത സമിതിയുണ്ടാക്കി കോടതി ഉത്തരവു ചുരുട്ടിവച്ച് നമുക്ക് അവസരം നല്കിയതും.

അച്ചൻ: എടാ മണ്ടാ! അതുകൊണ്ടല്ല. പള്ളികൾ 1934 ലെ ഭരണഘടനപ്രകാരം തുറന്നാൽ പള്ളിയും അനുബന്ധ സ്ഥാപനങ്ങളിലെ കണക്കും കാര്യവും പൊതുയോഗത്തിൽ വയ്ക്കണം. ഉത്തരവനുസരിച്ച് ഓർത്തഡോക്സു കളിച്ചാൽ കണക്കു ബോധിപ്പിക്കണം.

നമ്മളെ കൂട്ടിയാൽ ശേഷിക്കുന്ന കാലവും കണക്കു വേണ്ട. ഈ കളി തന്നെയാണ് ആലുവായിലും കടമറ്റത്തും നടന്നതും. ഇതാണ് സംയുക്തസമിതി. അഥവാ ഉഭയകക്ഷി.

കൊച്ചൻ: ആ പി. സി. അലക്സാണ്ടർ പറഞ്ഞതുകേട്ടില്ലേ ഇന്ത്യൻ പാത്രിയർക്കീസ് വേണമെന്ന്.

അച്ചൻ: അതുകൊണ്ടല്ലേ ഇന്ദിരാഗാന്ധിയുടെ ഉപദേഷ്ടാവും കോൺഗ്രസ്സിന്റെ നയതന്ത്രജ്ഞനുമായ അദ്ദേഹത്തെ ഇന്ത്യൻ പ്രസിഡന്റ് ആക്കാതെ ഇവിടുത്തെ കോൺഗ്രസ്സുകാർ ഒതുക്കിയത്. ഇതിന്റെ ക്രെഡിറ്റ് ശ്രേഷ്ഠ ബാവയ്ക്കാണെന്ന് പലരും പറയും. പക്ഷേ അതല്ല. ആന്റണിയെ ഇറക്കി നമ്മുടെ അനുഭാവിയായ ഓർത്തഡോക്സുകാരനെ മുഖ്യമന്ത്രിയാക്കുവാനാണ് മറ്റൊരു ഓർത്തഡോക്സുകാരനെ പ്രസിഡന്റ് ആക്കാതിരുന്നത്.

പണ്ട് സി. എം. സ്റ്റീഫന്റെ അവസരവും നമ്മുടെ ഇവിടുത്തെ കുട്ടി കോൺഗ്രസ്സുകാർ വെട്ടിയാണ് സെയിൽസിങ് പ്രസിഡന്റായത്.

കൊച്ചൻ: എന്റച്ചോ അതു മോശവും നാശവും നഷ്ടവുമാണ്. ഒരു മലയാളി കൂടി പ്രസിഡന്റാകുന്നതല്ലേ നമുക്കഭിമാനം.

അച്ചൻ: ഓർത്തഡോക്സിലെ സമ്പന്നന്മാരും പ്രമുഖരും വ്യവസായികളും ബ്ലെയിഡുകാരും ജുബ്ബാക്കാരും ചില മെത്രാന്മാരും പുരോഗതിക്ക് ഒന്നിച്ചു ചിന്തിച്ചിരുന്നെങ്കിൽ 95 ലേ സഭ ഒന്നാകുമായിരുന്നു. നമ്മുടെ 2002 ലെ സഭ ഉണ്ടാവുകയും ഇല്ല. രാഷ്ട്രപതി എന്നുവേണ്ട പല പ്രമുഖ പദവികളും നമ്മെ തേടിയും വരും. പക്ഷേ അനർഹരായി സഭയുടെ നേതൃത്വത്തിൽ സ്ഥിരമിരിക്കുന്നവർക്കു ചലനം ഉണ്ടായാൽ ദുഃഖം സ്വാഭാവികം.

കൊച്ചൻ: അതുകൊണ്ടാണ് 'മനോരമ'യുടെ പിൻബലത്തോടെ ചില പ്രാദേശിക രാഷ്ട്രീയക്കാരും പാമ്പാടി കോത്തല ഭാഗത്തെ ചിലരും കൂടി ഓർത്തഡോക്സ് ക്രിസ്ത്യൻ അൽമായ അസോസിയേഷൻ എന്ന സംഘടന ഉണ്ടാക്കി സുന്നഹദോസ് തീരുമാനത്തെയും വിമർശിച്ചും പിതാക്കന്മാരെ തീവ്രവാദികൾ എന്ന് മുദ്രയടിച്ചും നമ്മുടെ സഹകരണം ആവശ്യപ്പെട്ടും മനോരമയിൽ പ്രസ്താവന പടച്ചുവിട്ടത്.

അച്ചൻ: എടാ, മനോരമ പോലുള്ള വമ്പന്മാരാണ് പണ്ടു മുതൽ സഭയെ പങ്കുവച്ചതും വിഭജിച്ചതും. നാളിതുവരെ അവർ കാതോലിക്കാ കക്ഷിയുടെ വക്താക്കൾ ആയിരുന്നു. ഇപ്പോൾ ഇരുപക്ഷത്തേയും കൈയിലെടുത്ത് മാധ്യമ സാമ്രാജ്യം പുഷ്ടിപ്പെടുത്തണം. അതിനിടയിൽ അവരുടെ നിയന്ത്രണത്തിൽ നിന്നും സഭയെ രക്ഷിക്കാൻ ദിദിമോസ് ബാവാ ശ്രമിച്ചാൽ ഗതി അധോഗതി. എങ്ങനെയും പ. ബാവായെ ഒതുക്കി ഇവരുടെ മുൻപിൽ ഓഛാനിച്ചു നിർത്തണം. ആയതിന് മുഖ്യമന്ത്രിയുടേയും സഹായം വേണം. അതിനുള്ള ഉപാധിയാണ് 2006-ലെ സംയുക്ത സമിതിയും 'ഓക്ക'യും.

കൊച്ചൻ: തെരഞ്ഞെടുപ്പു കാലമായതിനാൽ മുഖ്യമന്ത്രിക്കു 'മനോരമ' പറയുന്നതു കേൾക്കേണ്ടി വരും. എന്തായാലും കാലം നമുക്ക് അനുകൂലം.

അച്ചൻ: അവർക്ക് അനുവദിച്ചിരിക്കുന്ന പള്ളികളിൽ നമുക്ക് ആരാധനാ സ്വാതന്ത്ര്യം ലഭിച്ചാൽ കേസും തുടരാം, ദിദിമോസ് ബാവായെ നിയന്ത്രിക്കുകയും ചെയ്യാം.

കൊച്ചൻ: അപ്പോൾ ഈ അൽമായവേദിക്കാർ ഏതു രാഷ്ട്രീയക്കാരാണ്?

അച്ചൻ: അവരെല്ലാം ജന്മംകൊണ്ടും കർമ്മം കൊണ്ടും പക്കാ കോൺഗ്രസ്സുകാരും ഓർത്തഡോക്സുകാരും 'മനോരമ' വായനക്കാരുമാണ്.

കൊച്ചൻ: 'ഓക്ക' പറയുന്നു ഇവർക്ക് രാഷ്ട്രീയ ലക്ഷ്യം ഉണ്ടെന്ന്.

അച്ചൻ: ഇവർ 'മനോരമ'യുടെയോ രാഷ്ട്രീയ നേതാക്കളുടെയോ പിണിയാളുകൾ അല്ല. ഉള്ളതു പറയുമ്പോൾ തുള്ളി കാണിച്ചാൽ അവർക്ക് ഒന്നും നഷ്ടപ്പെടാനും ഇല്ല.

കൊച്ചൻ: ഇവരെ ഒതുക്കാൻ ആയിരിക്കാം മനോരമയും പഴയ ഉപദേശകസമിതിയും കൂടി കാതോലിക്കാ ബാവായേയും മെത്രാന്മാരെയും തഴഞ്ഞ് സംയുക്തം സൃഷ്ടിക്കുന്നത്. (തുടരും)

**ഓഫ്സൈഡ് ഓഫ്സൈഡ്**
**കുതിരവട്ടം ചാടിയാൽ?**

കുതിരവട്ടം ചാടിയാൽ എവിടം വരെ?
ഏറ്റം ഏറിയാൽ ഊളമ്പാറ വരെ.

# കാതോലിക്കേറ്റ്: അഭിമുഖീകരിച്ചു പോരുന്ന വൈതരണികൾ

(ഒന്നാം പേജിൽ നിന്നും)

ചരിത്രപരമായും, വേദശാസ്ത്രപരമായും, മലങ്കരസഭയുടെ ഭാരതീയ ചരിത്രപശ്ചാത്തലം കണക്കിലെടുത്തും ഉചിതപരിഹാരം കാണേണ്ടതാണ്.

**2. മലങ്കരയിലെ കാതോലിക്കേറ്റ്**

1912 -ൽ മലങ്കര സഭയിലെ മെത്രാൻ കക്ഷിയിൽ സ്ഥാപിതമായ ഒരു സഭാദ്ധ്യക്ഷ സ്ഥാനം മാത്രമാണു കാതോലിക്കേറ്റ്. ഇതിനു നേതൃത്വം കൊടുത്തവർ വട്ടശ്ശേരിൽ തിരുമേനിയും അദ്ദേഹത്തിന്റെ പ്രിയ ശിഷ്യനും കാതോലിക്കയാകാൻ അതിയായിട്ടാശിച്ചിട്ടു അത് നടക്കാതെപോയ നിരാശ കൊണ്ടു പിന്നീടു റീത്തു പ്രസ്ഥാനത്തിന്റെ ജനിയി താവുമായി തീർന്ന ഫാദർ പി. ടി. ഗീവർഗീസും ആയിരുന്നു. റോയൽ കോടതിവിധിയുടെ വെളിച്ചത്തിൽ ശക്തിപ്രാപിച്ച മലങ്കര മെത്രാന്റെ സ്ഥാനം പാത്രിയർക്കീസിന്റെ മലങ്കരയിലുള്ള അധികാര വളർച്ചയ്ക്കു തടസ്സമാകും എന്ന ചിന്തയിൽ പാത്രിയർക്കീസ് അത് തകർക്കുവാൻ തുനിഞ്ഞിറങ്ങി. വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാൻ സ്ഥാനത്തു വന്നപ്പോൾ അത് തകർക്കാൻ പാത്രിയർക്കീസ് മുതിർന്നു. അബ്ദുള്ളാ അങ്ങനെയാണു വട്ടശ്ശേരിൽ മെത്രാനെ മുടക്കിയത്. മേലിൽ ഈവിധമായ തോന്ന്യാസങ്ങൾ അരങ്ങേറാൻ അനുവദിച്ചു കൂടാ എന്നുള്ള നിശ്ചയദാർഢ്യത്തിന്റെ വെളിച്ചത്തിൽ സ്ഥാനഭ്രഷ്ടനായി കഴിഞ്ഞു വന്നിരുന്ന ഒരു മുൻ അന്ത്യോഖ്യൻ പാത്രിയർക്കീസിനെ കൊണ്ടുവന്ന് കാതോലിക്കേറ്റ് സ്ഥാപിച്ചു. അത് സ്ഥാപിച്ചപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശ്യം തൽക്കാലം പാത്രിയർക്കീസിന്റെ ഇടപെടൽ മലങ്കരയിലെ സഭാഭരണ കാര്യങ്ങളിൽ ഉണ്ടാകരുത് എന്നുള്ളതും മേലിൽ ആവശ്യമുള്ള മെത്രാന്മാരെയും മറ്റും ഇവിടെ തന്നെ വാഴിക്കുക എന്നതും മാത്രമായിരുന്നു. മലങ്കരസഭയുടെ സഭാസ്വാതന്ത്ര്യമൊന്നും ഇന്നവകാശപ്പെട്ടു വരുന്നതുപോലെ ചിന്താവിഷയമേ ആയിരുന്നില്ല അന്ന്.

മലങ്കര മെത്രാപ്പോലീത്തയ്ക്കായിരുന്നു അന്ന് മലങ്കരസഭയുടെ ഭരണകാര്യങ്ങളിൽ പ്രാമുഖ്യസ്ഥാനം. ഈ സ്ഥാനം നാമാവശേഷമാക്കി പാത്രിയർക്കീസിന്റെ ചൊൽപിടിയിലും ഇഷ്ടാനുവർത്തികളിലും വയ്ക്കുക എന്നതാണ് പാത്രിയർക്കീസ് ലക്ഷ്യമിട്ടിരുന്നത്. ഇതിനു സമ്മതിക്കാതിരുന്നതിനാലാണ് വട്ടശ്ശേരിൽ മെത്രാനെ തുരത്തുകയെന്ന നിലയിൽ പാത്രിയർക്കീസ് പ്രയോഗിച്ച കുതന്ത്രം. അതിനു മറുപടിയായി വട്ടശ്ശേരിൽ മെത്രാൻ കാതോലിക്കേറ്റ് സ്ഥാപിച്ചു. ഈ സ്ഥാപിച്ചതെന്തായിരുന്നു എന്നതു വേറൊരിടത്തു പരാമർശിക്കാം. എന്നാൽ ഇതിന്റെ സ്ഥാപനവേളയിൽ ഈ സ്ഥാനം അലങ്കരിക്കാൻ തയാറുള്ളവർ ഇല്ലായിരുന്നു എന്നതു മാത്രമല്ല അന്നു വാർദ്ധക്യത്തിൽ എത്തിയിരുന്ന മുറിമറ്റത്തിൽ ഈവാനിയോസിനെയാണു വളരെയധികം ഹേമം ചെലുത്തി ഈ സ്ഥാനത്തിരുത്തിയതു തന്നെ. വളരെ കുറച്ചു മാസങ്ങൾ മാത്രമാണു ആ പിതാവ് ഈ സ്ഥാനത്തിരുന്നത്. അതിനു ശേഷം ഒരു പിൻഗാമിയെ 13 വർഷത്തേക്കു കണ്ടെത്താനും കഴിഞ്ഞില്ല. കാരണം ആരും തന്നെ ഈ സ്ഥാനം അലങ്കരിക്കാൻ തയ്യാറല്ലായിരുന്നു എന്നതാണ്.

1925 ൽ രണ്ടാം കാതോലിക്കായെ വാഴിച്ചെങ്കിലും അദ്ദേഹത്തിനും കാര്യമായൊന്നും ചെയ്യാൻ കഴിയാതെ പോയി. എന്നാൽ മൂന്നാം കാതോലിക്കായുടെ സുദീർഘമായ നേതൃത്വം കാതോലിക്കാ സ്ഥാപനത്തെ അതിന്റെ ആരംഭം മുതൽ അലട്ടി വന്നിരുന്ന പല വിഷമതകളേയും പരിഹരിക്കുന്നതിന് ഇടയാക്കി. കാതോലിക്കായുടെ സ്ഥാനസാധുതയെ നഖശിഖാന്തം ചോദ്യം ചെയ്തു വന്നിരുന്നതിനു ഒരു പരിഹാരമുണ്ടായിയെന്നതു മാത്രമല്ല അതിന്റെ സാധുതയെ ചോദ്യം ചെയ്തു പോന്നവർ തന്നെ നമ്രശിരസ്കരായി അതംഗീകരിക്കേണ്ട അവസ്ഥയിലുമായി. വട്ടശ്ശേരിൽ മെത്രാച്ചന്റെ കാലശേഷം മലങ്കര മെത്രാന്റെ അധികാരങ്ങളും അവകാശങ്ങളും കാതോലിക്കായ്ക്ക് ഭരണഘടനപ്രകാരം ലഭിച്ചു. ഇവ ഭരണപരമായി കാതോലിക്കേറ്റിനെയും അതിന്റെ അധികാരത്തേയും ശക്തീകരിച്ചു. 1934-ൽ സഭാഭരണഘടനയുണ്ടാക്കിയംഗീകരിച്ചതും അതു ഭാരതത്തിലെ പരമോന്നത നീതിപീഠം ഉറപ്പിച്ചതും കാതോലിക്കേറ്റിന്റെ അധികാരത്തേയും അവകാശ ങ്ങളേയും അത്യധികം വർദ്ധിപ്പിച്ചു പ്രചുരപ്രചാരമാക്കി.

1958-ൽ സമാധാനം നിലവിൽ വന്നെങ്കിലും കാതോലിക്കായിൽ കേന്ദ്രീകരിച്ചുള്ള സഭാഭരണം പ്രവർത്തനതലത്തിലുണ്ടാകേണ്ടിയിരുന്നതായ ക്രമമായ സംയോജനവും ഏകോപിക്കലും പരിണാമവും അനവധാനത്തിലും അവഗണനയിലുമാണു മുന്നോട്ടു നീങ്ങിയത്. ഒരു ഏകീകൃത സഭാഭരണശൈലിയ്ക്കു നാളിതേവരെ വിധേയമായി തീർന്നിട്ടില്ലാതിരുന്ന മലങ്കരസഭയിലെ ഇടവകകൾ 1958 നു ശേഷമുള്ള കാലത്ത് അഭിമുഖീകരിച്ചത് രണ്ടു യജമാനന്മാരെ സേവിക്കുന്ന ഒരു രീതിയിലായിരുന്നു. സുപ്രീം കോടതി (1958) യുടെ വിധിയെ ഭയന്നു കാതോലിക്കേറ്റിനെ അനുസരിച്ചു വരുന്നു എന്നു പുറമെ നടിക്കയും അകമെ അതിനെ കഠിനമായി എതിർക്കുന്ന മനോഭാവവുമാണ് മുൻ പാത്രിയർക്കീസ് പക്ഷം പ്രകടിപ്പിച്ചു വന്നത്. ഈ പ്രവണതയെ കാതോലിക്കേറ്റ് കാര്യമായിട്ടെടുത്തിരുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനെ തന്നെ ഒരു കാതോലിക്കാ വാഴ്ചയിൽ പങ്കെടുപ്പി ച്ചാൽ സംയോജനം പൂർണ്ണമായി കൊള്ളും എന്നു വൃഥാ വ്യാമോഹിച്ചു. 1964 ലെ കാതോലിക്കാവാഴ്ച ആ വിധമായിരുന്നു. അതു പാത്രിയർക്കീസ് പക്ഷത്തിനു സഭാ ഐക്യം തകർക്കുന്നതിലേക്കു വഴിയൊരുക്കിക്കൊടുത്തു.

ഇതിനകം 1958 മുതലെങ്കിലും മലങ്കര സഭാ ഭരണകാര്യങ്ങളിൽനിന്നു അന്യനായി തീർന്നിരുന്ന പാത്രിയർക്കീസിനെ വീണ്ടും ആവശ്യമില്ലാതെ 1964 ലെ സംഭവത്തിലൂടെ ആഴമായ ഐക്യമെന്ന വ്യാമോഹത്തോടെ വീണ്ടും പ്രവേശിപ്പിച്ചതിനെ തുടർന്ന് മലങ്കരയിലെ കാതോലിക്കാ, പാത്രിയർക്കീസിന്റെ സൃഷ്ടിയാണെന്ന ഒരു മനോഭാവമാണ് പാത്രിയർക്കീസിൽ നിന്നും പാത്രിയർക്കീസിന്റെ കൂടെ നിലനിന്നിരുന്ന കക്ഷിയിൽ നിന്നും ഉത്ഭവിച്ചത്.

എന്തായാലും സുപ്രീംകോടതി വിധിയുടെ പ്രാബല്യം നിലനിന്നിരുന്ന കാലഘട്ടത്തിൽ കാതോലിക്കേറ്റ് ഉണർന്നു പ്രവർത്തിച്ചില്ല എന്നു തന്നെ പറയേണ്ടി വരുന്നു. ഒരുതരം അയഞ്ഞ നയമാണു മുൻ പാത്രിയർക്കീസു ഭാഗത്തുള്ള ഇടവകകളോടു പുലർത്തിവന്നത്. കൗശലപൂർവ്വം സഭാഭരണഘടനയ്ക്കും, കാതോലിക്കേറ്റിന്റെ വിധേയത്വത്തിലും അവയെ കൊണ്ടു വന്നിരുന്നുവെങ്കിൽ ചരിത്രം വേറെ തന്നെയാകുമായിരുന്നു. വേണ്ടതു ചെയ്യാതെ മാർത്തോമാ സിംഹാസനവിവാദവും മറ്റ് അനാവശ്യ പ്രവണതകളുമാണ് പ്രകടിപ്പിക്കാൻ അവസരമുണ്ടാക്കിയത്.

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ തന്റെ സഭാഭരണകാലത്തു അനേകം നേട്ടങ്ങൾ കാതോലിക്കേറ്റിനു വേണ്ടി കൈവരിച്ചിരുന്നു. സഭാഭരണഘടന നയുണ്ടാക്കിയ ആ വ്യവഹാരങ്ങളിൽ കാതോലിക്കാ വിഭാഗത്തെ വിജയത്തിലേക്കു നയിച്ചത്, സഭാഐക്യം കൈവരിച്ചത്, തന്റെ സഭാഭരണകാര്യങ്ങളിൽ ഇടപെടാൻ പാത്രിയർക്കീസിനെ അനുവദിക്കാതെ അകറ്റി നിറുത്തിയത് ഇത്യാദി ഇവയിൽ ചിലതു മാത്രം. 1964 ൽ അദ്ദേഹം കാലം ചെയ്യുന്നതുവരെ യാതൊരുത്തനും കാതോലിക്കേറ്റിനേയും അദ്ദേഹത്തിന്റെ ഭരണത്തേയും ചോദ്യം ചെയ്യുവാൻ ധൈര്യം കാണിച്ചിരുന്നില്ല; അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ യാക്കോബ് തൃതീയൻ പോലും. ഈ വിധം കാതോലിക്കേറ്റിന്റെ യശസ്സുയർന്നു.

എന്നാൽ വേറൊരു വശത്തു പല കാതലായ കാര്യങ്ങളിലും പരിഹാരം കണ്ടെത്തേണ്ടിയിരുന്നതിനു പരിഹാരമുണ്ടായില്ല. ആ ദിശയിൽ ചിന്തിച്ചു ചരിത്രപരമായും വേദശാസ്ത്ര, സഭാഭരണ ശാസ്ത്രപരമായുമൊക്കെ ശരിയായ ദിശയിലേക്കു നയിക്കുവാൻ വേണ്ട ചിന്താശീലമുള്ളവരുണ്ടായിരുന്നില്ല. പ്രത്യേകിച്ചും കാതോലിക്കേറ്റിന്റെയും പാത്രിയർക്കേറ്റിന്റേയും ചേരികളിൽ. ചിലരൊക്കെ സ്വതന്ത്രമായി, സഭാനേതൃത്വവുമായി വളരെ അകന്ന്, അവിടവിടെ ഉണ്ടായിരുന്നുവെങ്കിലും സഭാനേതൃത്വത്തിലിരുന്നവർ അവരെ കാര്യമായിട്ടെടുത്തിരുന്നില്ല, അവരും സഭാനേതൃത്വത്തെ കാര്യമായി കരുതിയുമില്ല. കുറിച്ചി ബാവായുടെ കാലത്തു മുമ്പു പറഞ്ഞതായ അനേക നേട്ടങ്ങൾ കാതോലിക്കേറ്റിനുണ്ടായെങ്കിലും കാതോ ലിക്കേറ്റ് എന്നാൽ എന്താണെന്നോ അതിന്റെ ചരിത്രപരമായ ഉത്ഭവവും ഭരണാവകാശങ്ങളുമൊക്കെ എന്തെന്നോ, 1912-ൽ വട്ടശ്ശേരിൽ മെത്രാൻ സ്ഥാപിച്ച കാതോലിക്കേറ്റ് ഏതു തരത്തിലുള്ള ഒരു ഭരണരീതിയെ പ്രതിനിധീകരിക്കുന്നുവെന്നോ കാര്യമായ വിവരമില്ലായിരുന്നു. തല്ക്കാലം അന്നത്തെ ആവശ്യമെന്നത് കാതോലിക്കേറ്റിന്റെ സാധുതയെ ചോദ്യം ചെയ്തുപോന്ന പാത്രിയർക്കീസ് പക്ഷത്തെ ഒതുക്കുകയെന്നതു മാത്രമായിരുന്നു. അതുകൊണ്ടു കോടതിയുടെ ആവശ്യങ്ങൾക്കു വേണ്ടിയാണു കാതോലിക്കേറ്റിനെ സംബന്ധിച്ചുണ്ടായിരുന്ന സിദ്ധാന്തങ്ങൾ ഭൂരിഭാഗവും കടമെടുത്തു പറഞ്ഞു പിടിപ്പിച്ചുവന്നതു. അതിനാകട്ടെ ആശ്രയിച്ചതു സുപ്രധാനമായും യാക്കോബായ സഭയുടെ തെഗ്രീസിലെ വിഭാഗത്തിന്റെ ഒരു മഫ്രിയാനയായിരുന്ന ബാർ എബ്രായയുടെ കാതോലിക്കാ ചരിത്രവും, അദ്ദേഹം വിരചിച്ചിരുന്ന മഫ്രിയാനേറ്റും പാത്രിയർക്കേറ്റും ഏതു വിധത്തിൽ ഐക്യതയിൽ കഴിയാം എന്നു സൂചിപ്പിക്കുന്ന വിവരങ്ങളുള്ള ഹൂദായ കാനോൻ എന്ന ഗ്രന്ഥവുമാണ്. ഈ ഗ്രന്ഥകാരന്റെ സകല വൈകല്യങ്ങളും മലങ്കരയിലെ കാതോലിക്കേറ്റിന്റെ ചരിത്രത്തേയും ചിന്തകളേയും സ്വഭാവത്തേയും ഭാവിയേയും സാരമായി ബാധിച്ചു. ഇപ്പോൾ മലങ്കരസഭയിലെ കാതോലിക്കേറ്റ് ഈ മഫ്രിയാ നേറ്റിന്റെ സ്വഭാവ വൈശിഷ്ട്യങ്ങളെയാണ് തത്വത്തിൽ പ്രതിബിംബിക്കുന്നത്. ഒഴിയാബാധ പോലെ ഇതിന്റെ പ്രത്യാഘാതങ്ങളിലൂടെ കടന്നുപോയികൊണ്ടിരിക്കയാണ് ഇന്ന് നാം.

1972 നു ശേഷമാണു മലങ്കര സഭയിലെ കാതോലിക്കേറ്റിനെ ആശയപരമായും, ചരിത്രപരമായും, ഭരണപരവുമായി സാരമായി ബാധിച്ചുവരുന്ന പല വൈകല്യങ്ങളെപ്പറ്റിയും പലർക്കും ബോധം വന്നു തുടങ്ങിയത്. അപ്പോഴേയ്ക്കും സഭയിൽ വീണ്ടും ഛിദ്രവാസനകൾ ആഞ്ഞടിക്കാൻ ആരംഭിച്ചു. പാത്രിയർക്കീസിന്റെ കാതോലിക്കായെ മുടക്കലും തോന്നിയതുപോലെ മലങ്കര സഭയുടെ കാര്യങ്ങളിലിടപെട്ടു അവകാശ ങ്ങളും അധികാരങ്ങളും വിളംബരം ചെയ്യാൻ തുടങ്ങലും അവ പ്രവൃത്തിപഥത്തിലാക്കാൻ വേണ്ടി ഗുണ്ടാകളെപ്പോലെയുള്ള വരെ തെരഞ്ഞുപിടിച്ചു മേല്പട്ടസ്ഥാനത്തു പ്രതിഷ്ഠിച്ചുപോരലും, പിന്നെ ബദൽ മഫ്രിയാനയെ പാത്രിയർക്കീസിന്റെ അധീശ ത്വത്തിൻ കീഴിൽ ആക്കലും, മറ്റും ഇതേ പോലെയുള്ള പല കാര്യങ്ങളും അരങ്ങേറി. കാൽ നൂറ്റാണ്ടിലധികം കോടതി വ്യവഹാരം ഇരുകൂട്ടരും നടത്തിയെങ്കിലും കാര്യമായ പരിഹാരമൊന്നും ഇതേവരെ ഉരുത്തിരിഞ്ഞു വന്നിട്ടില്ല. ഈ കലങ്ങിയ അന്തരീക്ഷത്തിൽ പത്താളെ ഈ സഭയിൽ നിന്നും സൗകര്യം പോലെ അടിച്ചു മാറ്റാൻ തക്കം നോക്കി മലങ്കര സഭയിൽ നിന്നും സകലതും ഉപേക്ഷിച്ചു - കാതോലിക്കാ സ്ഥാനം വരെ പോയ ഫാ. പി. റ്റി. ഗീവർഗീസിന്റെ ഇപ്പോഴത്തെ പിൻഗാമിയായ റീത്തു ആർച്ച് ബിഷപ്പ്, കാതോലിക്കാ എന്ന പേരിൽ സ്വയം സ്ഥാനാരോഹണം ചെയ്തു. ഈ വിധം കേരളത്തിൽ മൂന്നു പേർ കാതോലിക്കാ എന്ന നാമത്തിലറിയപ്പെടുന്നു. ഒന്ന് മലങ്കര ഓർത്തഡോക്സ് സഭയിലേത്; രണ്ടു പാത്രിയർക്കീസു പക്ഷത്ത്, മൂന്നു റോമൻ കത്തോലിക്കാ റീത്തിൽ. ഇവരെല്ലാം ഏതർത്ഥത്തിലാണു ഈ സ്ഥാനമലങ്കരിച്ചിരിക്കുന്നതെന്ന ആശയക്കുഴപ്പം ബലമായി വരികയാണ്. ഇവർ മലങ്കര ഓർത്തഡോക്സ് സഭയിലെ കാതോലിക്കാ സ്ഥാനിയെ അവഹേളിക്കാനും, ലോകരുടെ മുമ്പിൽ ഇടിച്ചു താഴ്ത്താനും ആത്മവീര്യം കെടുത്താനുമാണു ഇറങ്ങി പുറപ്പെട്ടിരിക്കുന്നതെന്നതിൽ സംശയമില്ല. ഈ ഘട്ടത്തെ ഓർത്തഡോക്സ് കാതോലിക്കാ അഭിമുഖീകരിക്കേണ്ടതെങ്ങനെ എന്നതു അടിയന്തിര ശ്രദ്ധയാകർഷിക്കേണ്ട വിഷയമാണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെ കാതോലിക്കായുടെ സ്ഥാനവും അവകാശങ്ങളുമെന്താണ് എന്നത് ആദ്യമെ സ്പഷ്ടമാക്കേണ്ടിയിരിക്കുന്നു. ഈ കാതോലിക്കാ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയോ സമനോ ആയ ഒരാൾ ആണോ? കീഴ്സ്ഥാനിയായിട്ടാണു പാത്രിയർക്കീസും പാർശ്വവൃത്തരും ഇതേവരെ ചിത്രീകരിച്ചിരുന്നത്. സമൻ എന്നത് ഒട്ടും ഉൾക്കൊള്ളുവാനേ നിവൃത്തിയില്ല അവർക്ക്. ഇവിടെയാണ് മലങ്കര ഓർത്തഡോക്സ് കാതോലിക്കാ ഉണരേണ്ടത്.

**3. ഓർത്തഡോക്സ് കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയല്ല**

അന്ത്യോഖ്യാ പാത്രിയർക്കീസിനെ പോലെ അദ്ദേഹത്തോടു തുല്യതയുള്ള സഭാദ്ധ്യക്ഷ സ്ഥാനം വഹിച്ചിട്ടുള്ള നേതാവാണ് മലങ്കര ഓർത്തഡോക്സ് കാതോലിക്കാ. അദ്ദേഹം ഇന്നു ലോകത്തെല്ലായിടത്തും ചിതറികിടക്കുന്ന ഇരുപത്തിയഞ്ച് ലക്ഷത്തിൽപരം മലങ്കര നസ്രാണികളുടെ പരമാദ്ധ്യക്ഷനാണ്. എന്നാൽ പാത്രിയർക്കീസിനുള്ളതു കേവലം ഒന്നര ലക്ഷം മാത്രം. പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായി ഒരിക്കലും 1912 മുതൽ ആ സ്ഥാനം നിലവിൽ വന്നതുമുതൽ നാളിതുവരെ കാതോലിക്കാ ഇരുന്നിട്ടില്ല.

എന്നാൽ മലങ്കരയിലെ കാതോലിക്കായെ അലട്ടി വരുന്ന ചില പോരായ്മകളുണ്ടെന്നുള്ളതു വിസ്മരിക്കാൻ പാടില്ല.

ഒന്ന് ആശയപരമായും ചരിത്രപരമായും മലങ്കര ഓർത്തഡോക്സ് കാതോലിക്കാ ശരിയായ തരത്തിലുള്ള കാതോലിക്കയല്ല. അതു മഫ്രിയാന മാത്രമാണ്. 1912-ൽ വട്ടശ്ശേരിൽ മെത്രാച്ചന്റെ നേതൃത്വത്തിൽ സ്ഥാപിതമായതു തത്വത്തിൽ വെറും മഫ്രിയാന സ്ഥാനമാണ്. ഒരു സ്വതന്ത്രസഭാ ചിന്തയോ സ്വയംഭരണാവകാശ വിചാരങ്ങളോ ഇല്ലാതെ തല്ക്കാലം പാത്രിയർക്കീസ് അനധികൃതമായി മലങ്കരമെത്രാന്റെ ഭരണകാര്യങ്ങളിൽ കൈകടത്തുന്നതു നിയമാനുസൃതം മാത്രമാക്കണം എന്നുള്ള ഉദ്ദേശ്യത്തോടെ അന്ത്യോഖ്യൻ സുറിയാനി സഭാ പാരമ്പര്യത്തിൽ അതിന്റെ തെഗ്രീത്തിലെ വിഭാഗത്തിൽ നിലനിന്നു വന്നിരുന്നതായ മഫ്രിയാന സ്ഥാനത്തെ കാതോലിക്കാ എന്ന തെറ്റായ രൂപത്തിലും നാമത്തിലും ഇവിടെ പ്രതിഷ്ഠിച്ചു എന്നു മാത്രം. വട്ടശ്ശേരിൽ തിരുമേനി പാത്രിയർക്കീസിന്റെ അധികാരവകാശങ്ങളെ അംഗീകരിച്ചിരുന്നു. അങ്ങനെയിരിക്കെ താൻ സ്ഥാപിച്ച മഫ്രിയാനേറ്റ് പാത്രി യർക്കാ അധികാരാവകാശങ്ങളെ അംഗീക രിക്കുകയാണ് ചെയ്തത്. 1934-ൽ മലങ്കരസഭ ഭരണഘടനയിൽ പാത്രിയർക്കീസിനു ഉന്നതസ്ഥാനം നല്കിയിരിക്കുന്നതും, 1964-ൽ കാതോലിക്കാ വാഴ്ചയിൽ പാത്രിയർക്കീസിനെ ഉൾപ്പെടുത്തിയതുമെല്ലാം കാണിക്കുന്നതു പാത്രിയർക്കീസിനാണു മുഖ്യ സ്ഥാനമെന്നല്ലേ! എങ്കിൽ പിന്നെ മലങ്കരസഭയിലൊരു കാതോലിക്കായുടെ ആവശ്യമേയില്ലല്ലോ. ഒരു സഭയിൽ രണ്ടു പരമോന്നതരായ സഭാദ്ധ്യക്ഷന്മാർക്കു സ്ഥാനമില്ലല്ലോ. ഈ സാഹചര്യത്തിൽ പാത്രിയർക്കീസിനെ പുറംതള്ളാതെ കാതോലിക്കേറ്റിനു യാതൊരുവിധ പ്രസക്തിയുമില്ല എന്നു ചുരുക്കം. അതല്ലെങ്കിൽ കാതോലിക്കായെ പുറംതള്ളി പാത്രിയർക്കീസിനെ മാത്രം കണക്കിലെടുക്കണം. എന്തായാലും കാതോലിക്കേറ്റ് എന്നതു മലങ്കരസഭയിലൊരു യാഥാർത്ഥ്യമായി തീർന്നിരിക്കെ അതു അങ്ങനെയങ്ങു പുറംതള്ളുവാൻ കഴിയുകയില്ലെന്നതും അംഗീകരി ച്ചേ മതിയാകു. അങ്ങനെയെങ്കിൽ അതിനു സാധുതയും, അംഗീകാരവും കൊടുത്തുവരുന്ന മലങ്കര ഓർത്തഡോക്സ് സഭയിൽ ഇതിന്റെ നാളിതുവരെയുള്ള എല്ലാ വശങ്ങ ളെപ്പറ്റിയും സവിസ്തരം ആ സഭാവിഭാഗത്തിലുൾപ്പെട്ടവരെ വിശേഷിച്ചും പ്രബുദ്ധീകരിച്ചു അതിൽ നിന്നുത്ഭവിച്ചിരിക്കുന്ന വെ ല്ലുവിളികളെ അഭിമുഖീകരിക്കാൻ വേണ്ടി യെങ്കിലും ശക്തീകരിക്കേണ്ടതായിട്ടുണ്ട്. പ്രബുദ്ധീകരിച്ചുവരുന്നമുറയ്ക്കു അസോസിയേഷനുകൾ വിളിച്ചു കൂട്ടി ഭരണഘടനയിൽ സാരമായ വ്യതിയാനങ്ങളും വരുത്തേണ്ടതായിട്ടുണ്ട്. സഭയുടെ ഭരണഘടന തന്നെ ഈ വെളിച്ചത്തിൽ സമൂലം പുനരാവിഷ്ക്കരിക്കേണ്ട ഒരു വലിയ ചുമതലയാണു മുമ്പിലുള്ളത്.

പ്രബുദ്ധീകരിക്കണമെന്ന ആവശ്യം പ്രധാനമായും രണ്ടു മൂന്നു മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒന്ന്, മലങ്കര സഭയിലെ കാതോലിക്കേറ്റ് അന്ത്യോ ഖ്യൻ സുറിയാനി സഭ പാരമ്പര്യത്തിലുള്ള മഫ്രിയാനേറ്റിന്റെ പശ്ചാത്തലത്തിലാണു ണ്ടായിട്ടുള്ളതെങ്കിലും ആ പശ്ചാത്ത ലത്തിൽ തന്നെ നിലനിന്നു കൊള്ളണമെ ന്നു യാതൊരുത്തർക്കും നിർബന്ധിക്കുവാൻ അവകാശമില്ല. മറിച്ച് അതു നിലവിൽ വരുത്തിയിരിക്കുന്ന സഭയ്ക്ക് അതു ഏതു വിധമൊക്കെ വേണമെന്നു തീരുമാനിക്കാൻ മേലിലും അവകാശമുണ്ട് എന്നാണു വിശ്വസിക്കേണ്ടത്. ഈ അവകാശം യോഗ്യമാം വണ്ണം ഉപയോഗിക്കാൻ കഴിയണം. ഈ സാഹചര്യത്തിൽ മലങ്കര സഭയിലെ കാതോലിക്കാ തെഗ്രീസിലെ കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനവും പിന്തുടർച്ചയുമാണ് എന്നൊക്കെയുള്ള അർത്ഥശൂന്യമായിട്ടുള്ള അവകാശവാദങ്ങളും, പ്രചരണങ്ങളും പാടെ തിരുത്തേണ്ടതാണ്. മലങ്കര സഭയിലൊരു പ്രതിസന്ധിഘട്ടത്തിലതു ജന്മം കൊണ്ടു. അതിന്റെ ബാലാരിഷ്ടതകളൊക്കെ ഇതിനകം കഴിഞ്ഞിട്ടുണ്ട്. മലങ്കരസഭയുടെ കാതോലിക്കേറ്റ് എല്ലാ അർത്ഥത്തിലും ഈ സഭയുടെ പൂർണ്ണ സ്വതന്ത്രാവസ്ഥയെയാണു പ്രതിബിംബിക്കുന്നത്. ഈ സഭയ്ക്കുവേണ്ട എല്ലാ ധീരവും ഉചിതവുമായ തീരുമാനങ്ങളെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും അതിനു കഴിയും. അവ ചെയ്യണം. വട്ടശ്ശേരിൽ തിരുമേനി സ്ഥാപിച്ചതു കാതോലിക്കേറ്റാണോ, മഫ്രിയാനേറ്റാണോ എന്നൊക്കെ പറഞ്ഞുള്ള വൃഥാ വാദങ്ങളിലേക്കൊക്കെ ഇനി പോയിട്ടു യാതൊരു കാര്യവുമില്ല; കഴിഞ്ഞതു കഴിഞ്ഞു. ഭാവിയിലേക്ക് വേണ്ടതു ഉചിതമായി ചെയ്യുക. അതിനുവേണ്ട രീതിയിലൊക്കെ കാതോലിക്കേറ്റിനെ ശക്തികരിക്കുക. വിശേഷിച്ചും നല്ലതും ധൈര്യമുള്ളതുമായ ഉചിത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിയുന്ന സഭാനേതൃത്വത്തെ കണ്ടെത്തി കാലാകാലങ്ങളിൽ ഇതിനെ അലങ്കരിച്ചു വളർത്തുക എന്നതു സഭാമക്കളുടെ പ്രധാന ചുമതലയാണ്. പ്രതിസന്ധികളൊക്കെ ഇനിയും വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കും. അപ്പോഴേ ഈ സഭ വളരുകയുള്ളു. വളരുവാനുള്ള ധൈര്യം പകർന്നു കൊടുത്തുകൊണ്ടിരിക്കുക. അതാണു എന്നത്തേയും ആവശ്യം. ഇതിന്നു വെല്ലുവി

(ശേഷം 6-ാം പേജിൽ)

**സെക്രട്ടറി എഴുതുന്നു**

# പീസുപീസാക്കുവാനും ഒരു പീസ്ലീഗോ?

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ഇന്ന് അത്ഭുതകരമായ വളർച്ചയുടെ പാതയിലാണ്. കോട്ടയം, കോട്ടയം സെൻട്രൽ എന്നീ ഭദ്രാസനങ്ങളിലെ സഭാപരമായ തീക്ഷ്ണതയുള്ളവരും സമീപകാലത്തെ സഭയുടെ ചില അപഭ്രംശങ്ങളിൽ അസംതൃപ്തിയുള്ളവരും സഭയിലെ നവോത്ഥാനത്തിനുവേണ്ടി ദാഹിക്കുന്നവരുമായ അൽമായക്കാരുടെ കൂട്ടായ്മയായിട്ടാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. സഭയുടെ ഭരണഘടനയോടും പാരമ്പര്യങ്ങളോടും നേതൃത്വത്തോടും വിധേയത്വം പുലർത്തിക്കൊണ്ടു തന്നെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാനും അവ തിരുത്തപ്പെടുവാനും വേണ്ടി കഴിയുന്ന പ്രവർത്തനങ്ങൾ അച്ചടക്കത്തോടും ഉദ്ദേശ്യശുദ്ധിയോടും കൂടി നടത്തുന്ന നയ സമീപനങ്ങൾക്ക് ജനം ആവേശപൂർവ്വം പിന്തുണ നൽകി. വിവിധ സ്ഥലങ്ങളിൽ യുണിറ്റുകൾ സ്ഥാപിക്കുകയും നിലവിലുണ്ടായിരുന്ന പല അനൗദ്യോഗിക കൂട്ടായ്മകളും ഇന്ന് അൽമായ വേദിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്യുന്നു. വിദൂരസ്ഥലങ്ങളിലുള്ളവർക്കുവേണ്ടി MORM എന്ന ഇന്റർ നെറ്റ് ഡിസ്കഷൻ ഫോറത്തിലൂടെ നൂറുകണക്കിന് സഭാവിശ്വാസികൾ ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്ന് അൽമായ വേദിയുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നു.

ഈ ഘട്ടത്തിൽ അൽമായവേദിയുടെ പൊതുജനസമ്മതി മുതലെടുക്കുവാൻ ചില വ്യാജസംഘടനകൾ സമാനമായ പേരോടുകൂടി ചില നിക്ഷിപ്ത താല്പര്യക്കാരുടെ വക്താക്കളായി ഇറങ്ങിത്തിരിച്ചിട്ടുണ്ട്. സൂക്ഷ്മദൃക്കുകളല്ലാത്ത പലർക്കും ചില ആശയക്കുഴപ്പങ്ങൾ ഇതു മൂലം ഉളവായിട്ടുണ്ട്. വിഘടിത വിഭാഗത്തിന്റെ അജൻഡ ഏറ്റെടുത്തുകൊണ്ട് സഭയിലെ ചില ഉത്തരവാദപ്പെട്ട വ്യക്തികൾ പത്രത്തിൽ പേരച്ചടിച്ചു വരാനും ഫോട്ടോ വരാനുമുള്ള പ്രലോഭനത്തിൽ പെട്ടും പലരുടെയും പ്രീതി നേടുവാനുമൊക്കെ നടത്തിയ പിത്തലാട്ടങ്ങൾ എവിടെയും ചെന്നെത്തുകയില്ലെന്നു ബോധ്യമായപ്പോൾ പഴയ പീസ് ലീഗിനെ പുനരുദ്ധരിപ്പിക്കുവാനാണ് പുതിയ നീക്കം.

സഭയിൽ സമാധാനമുണ്ടാകണം, പൂട്ടിക്കിടക്കുന്ന പള്ളികൾ തുറക്കണം, തർക്കങ്ങളും സംഘർഷങ്ങളും മൂലം ആരാധനക്കും മറ്റ് ആത്മീയാവശ്യങ്ങളും മുടങ്ങരുത് തുടങ്ങിയ ഒറ്റനോട്ടത്തിൽ സ്വീകാര്യമായ ആശയങ്ങളാണ് ഇവർ മുന്നോട്ടു വക്കുന്നത്. പക്ഷേ അതിന് പരിഹാരമായി നിർദേശിക്കുന്നത് സഭാനേതൃത്വത്തെ ഒഴിവാക്കി പ്രാദേശികമായ സമിതികളുടെ ആഭിമുഖ്യത്തിൽ പള്ളികൾ വീതം വക്കുക എന്നതാണ്. സുപ്രീംകോടതി വരെ കേസുകൾ നടത്തി നേടാൻ സാധിക്കാതെ വന്നതും യാതൊരു വിധത്തിലും ന്യായീകരിക്കാനാവാത്തതുമായ അവകാശങ്ങൾ നേടിയെടുക്കുവാൻ യാക്കോബായ വിഭാഗം മുന്നോട്ടു വക്കുന്ന ആവശ്യവും ഇതു തന്നെയാണ്. രണ്ടു സഭകൾ ഉണ്ടെന്ന യാഥാർത്ഥ്യം അംഗീകരിക്കണം എന്നാണ് മറ്റൊരു മുദ്രാവാക്യം. ഇതും യാക്കോബായ വിഭാഗത്തിന്റെ ആവശ്യം തന്നെ.

ചുരുക്കമായിപ്പറഞ്ഞാൽ യാക്കോബായ വിഭാഗം എന്നറിയപ്പെടുന്ന 2002 ലെ പുത്തൻകുരിശു സൊസൈറ്റിയുടെ പല്ലവികൾ ഏറ്റുപാടാൻ ഓർത്തഡോക്സ് വിഭാഗത്തിലെ ചിലരെക്കൂടി കൂട്ടു കിട്ടിയെന്നതാണ് യാഥാർത്ഥ്യം. സഭയുടെ മർമ്മപ്രധാനമായ കേന്ദ്രങ്ങളിലിരുന്ന് സഭയെ ദുർബ്ബലപ്പെടുത്തിക്കൊണ്ടിരുന്ന ചില നിക്ഷിപ്ത താല്പര്യക്കാർ അധികാരസ്ഥാനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ വെളിയിൽ നിന്നുകൊണ്ട് മുൻപ്രവർത്തികൾ തന്നെ തുടരുന്നു. സഭയെ വെട്ടിമുറിക്കാനും ഓർത്തഡോക്സ് സഭയെ ക്ഷീണിപ്പിക്കുവാനുമുള്ള ഈ വിഭാഗം സഭാഗാത്രത്തിനുള്ളിലെ ക്യാൻസറാണ്. കീമോതെറാപ്പിയോ റേഡിയേഷനോ പോലെയുള്ള വേദനാജനകമായ ചികിത്സകൾ ആവശ്യമായ ഘട്ടം എത്തിച്ചേർന്നിരിക്കുന്നു.

ഈ ഘട്ടത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ട ഒരു അൽമായനേതൃത്വം ഇല്ലാത്തത് സഭക്ക് വലിയ കുറവു തന്നെയാണ്. അൽമായ ട്രസ്റ്റിയും സമുദായ സെക്രട്ടറിയും നിർണ്ണായകമായ പങ്കുവഹിക്കേണ്ട ഈ ഘട്ടത്തിൽ ഈ സ്ഥാനികളുടെ നിഷ്ക്രിയത്വം ആരും ശ്രദ്ധിക്കാതെ പോവുകയില്ല. ഈ സ്ഥാനികളെ നീക്കം ചെയ്യുവാൻ സഭാഭരണഘടനപ്രകാരമുള്ള നടപടികൾ ആരംഭിക്കുവാൻ സമയം അതിക്രമിച്ചിരിക്കുന്നു.

1958-ൽ ഉണ്ടായ സഭാസമാധാനത്തിന് നിർണ്ണായകമായ പങ്കുവഹിച്ച ഒരു സംഘടനയാണ് പീസ് ലീഗ്. ഇരുപക്ഷത്തെയും പ്രഗത്ഭന്മാരും സഭാസ്നേഹികളുമായ പലരും ഈ പ്രസ്ഥാനത്തിലുണ്ടായിരുന്നു. അവർ ശ്രമിച്ചത് ഭിന്നിച്ചിരുന്ന സഭയെ ഒന്നാക്കുവാനായിരുന്നു. പുതിയതായി രൂപം കൊണ്ടുവരുന്ന പീസ്ലീഗ് ശ്രമിക്കുന്നത് സഭയെ പല ഖണ്ഡങ്ങളാക്കുവാനാണ്. മുപ്പതിലേറെ വർഷം കോടതി കയറിയിറങ്ങിയ ശേഷം അതെല്ലാം മാറ്റിവച്ചിട്ട് ചില തുണ്ടു കടലാസ് വ്യവസ്ഥകളുടെയടിസ്ഥാനത്തിൽ സഭയെ വിഭജിക്കുവാൻ ശ്രമിക്കുന്നവർക്ക് സദുദ്ദേശ്യമില്ല എന്ന് പകൽ പോലെ വ്യക്തമാണ്. വസ്തുതകൾ സഭാംഗങ്ങളെ പ്രബോധിപ്പിക്കുവാൻ ഈ കാതോലിക്കാ ദിനം വേണ്ട പോലെ ഉപയോഗിക്കുവാൻ ബന്ധപ്പെട്ടവർ ശ്രമിക്കുമെന്ന് കരുതട്ടെ.

# വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കലേക്കുള്ള പദയാത്രയിൽ ആയിരങ്ങൾ പങ്കെടുത്തു

**ജയിംസ് പാമ്പാടി** (ഓർഗനൈസിംഗ് സെക്രട്ടറി)

കോട്ടയം: വട്ടശ്ശേരിൽ തിരുമേനിയുടെ പെരുനാളിനോടനുബന്ധിച്ച് കോട്ടയം എം. ഡി. സെമിനാരിയിൽ നിന്നും കഴിഞ്ഞ വർഷം അൽമായവേദി ആരംഭിച്ചതും തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തതുമായ പദയാത്ര ഈ വർഷം സഭ ഔദ്യോഗികമായി അംഗീകരിക്കുകയും മാർ ഏലിയാ കത്തീഡ്രലിൽ നിന്നും പെരുനാൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഭക്തിനിർഭരമായി നടത്തുകയും ചെയ്തു.

കോട്ടയം നഗരത്തിലൂടെ വട്ടശ്ശേരിൽ തിരുമേനിയുടെ സ്മരണയിൽ ഒരു പദയാത്ര ആരംഭിക്കുവാൻ കഴിഞ്ഞ വർഷം അൽമായവേദി ശ്രമിച്ചപ്പോൾ ഭദ്രാസനത്തിലെ ഒരു വിഭാഗം വൈദികർ അത് പരാജയപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

സഭ ആരംഭിച്ച പദയാത്രക്കെതിരെ ഈ വർഷവും മെത്രാപ്പോലീത്തായുടെ അനുഗ്രഹത്തോടെ വൈദികർ പ്രവർത്തിച്ചുവെങ്കിലും അതിനെ പരാജയപ്പെടുത്തിക്കൊണ്ട് മൂവായിരത്തിലേറെ ഭക്തജനങ്ങളെ പങ്കെടുപ്പിച്ച് പദയാത്ര വിജയിപ്പിക്കുവാൻ സാധിച്ചു.

യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ തിരുമേനിമാർ പദയാത്രയ്ക്ക് നേതൃത്വം നൽകി നടന്നുവെന്നത് അനുഗ്രഹകരമായി.

കൺവീനർ ഫാ. നൈനാൻ കുറിയാക്കോസ് കുരിശും അൽമായവേദി പേട്രൺ പി. സി. ചെറിയാൻ മടുക്കാനിയും പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്തും പതാകയുമേന്തി പദയാത്രയ്ക്കു നേതൃത്വം കൊടുത്തു.

കോട്ടയം നഗരത്തിലൂടെ വട്ടശ്ശേരിൽ തിരുമേനിയുടെ സ്മരണയിൽ ഒരു പദയാത്ര ആരംഭിക്കുവാൻ കാരണഭൂതരായതിൽ അൽമായവേദിക്ക് ചാരിതാർത്ഥ്യമുണ്ട്.

**ALMAYAVEDI**
**Post Box No. 652, Kottayam 686 001**

**EDITORIAL BOARD**

1. **Mathews Thyparamban** - Convener
2. **M. Kurian Thomas** - Secretary
3. **Babu Vettuvelil**
4. **Kurian P. Kurian**
5. **Philip Kuruvilla**
6. **Philipose Pottakkavayalil**
7. **Jacob Chempla**
8. **James Pampady**
9. **Joice Thottackad** (Co-ordinator Web Edition)

**Ex - Officio Members**

**K. V. Abraham Koduvath** (President)
**Capt. Koshy Mathai** (Vice President)
**Thomas Chandy** (Secretary)
**Thomas Kochery** (Treasurer)

# അഴിമതി മൂടൽ ഐകകണ്ഠേന!

**അൽമായവേദി ന്യൂസ് സർവ്വീസ്**

മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസിന്റെ സെക്രട്ടറിയായി ഫാ. കെ. എം. സഖറിയാ തന്നെ തുടരണമെന്ന് എം. ഒ. സി. പി. കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിച്ചു. കോടിക്കണക്കിനു രൂപയുടെ അഴിമതി ആരോപണങ്ങളെ തുടർന്ന് കമ്മിറ്റിയിൽ അഴിച്ചുപണി ഉണ്ടാകുമെന്നും സെക്രട്ടറിയെ പുറത്താക്കുമെന്നും അഭ്യൂഹം പരന്നതിനെ തുടർന്നാണ് ഈ തീരുമാനം ഉണ്ടായത്. എന്നാൽ ഈ തീരുമാനത്തിന് നിയമസാധുതയില്ലെന്ന് അഭിജ്ഞവൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ആരാധനക്രമങ്ങൾ ക്രമമായും കുറഞ്ഞ വിലയ്ക്കും വിശ്വാസികൾക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ് രൂപീകരിച്ചത്. അതോടെ മലയാള ഭാഷയിൽ വേദപുസ്തകം കഴിഞ്ഞാൽ ഏറ്റവുമധികം കോപ്പി വിറ്റഴിച്ച ദുഃഖവെള്ളിയാഴ്ച നമസ്കാരം, കുർബ്ബാനക്രമം എന്നിവയുടെ പകർപ്പവകാശം പ. മാത്യൂസ് പ്രഥമൻ ബാവ ഇവർക്കു കൈമാറി. തുടർന്ന് കോനാട്ട് മാർ യൂലിയോസ് പ്രസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന ആരാധനാക്രമങ്ങളുടെ പകർപ്പവകാശവും എം. ഒ. സി. യ്ക്കു ലഭിച്ചു. ഇന്ന് മലങ്കരസഭയുടെ ഏതാണ്ട് എല്ലാ ആരാധനക്രമങ്ങളുടെയും പകർപ്പവകാശം എം. ഒ. സി. യ്ക്കുണ്ട്.

എന്നാൽ സ്ഥാപക സെക്രട്ടറിയായ ഫാ. റ്റി. ജി. സഖറിയായുടെ മരണശേഷം കടുത്ത അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ഉത്തമ ഉദാഹരണമായി എം. ഒ. സി. മാറി. ഈ വർഷം വലിയനോമ്പു തുടങ്ങിയ ആഴ്ചയിൽ തന്നെ നോമ്പിലെ നമസ്കാരം വിറ്റുതീർന്നെങ്കിലും അത് പുനഃപ്രസിദ്ധീകരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ലായെന്നതു തന്നെ കെടുകാര്യസ്ഥതയ്ക്ക് ഉത്തമ ഉദാഹരണമാണ്. പ്രതിവർഷം 10,000 കോപ്പി വീതം അച്ചടിക്കുന്നതായി രേഖപ്പെടുത്തുന്ന കുർബ്ബാനക്രമം ഇരട്ടിയിലധികമാണ് അച്ച ടിക്കുന്നതെന്ന ആരോപണം ഏതാനും വർഷങ്ങളായി നിലവിലുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ആരാധനക്രമങ്ങൾ വിശ്വാസികളിലെത്തിക്കുക എന്ന ലക്ഷ്യം മാറ്റിവെച്ച് കമ്മിറ്റി അംഗങ്ങളുടെ നിലവാരമില്ലാത്ത കൃതികൾ പ്രസിദ്ധീകരിക്കുന്നതിലാണ് എം. ഒ. സി. യ്ക്കു താല്പര്യമെന്ന ആരോപണം ഉയർന്നിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പ്രസിദ്ധീകരിച്ച കൃതികൾ ഈ ആരോപണം ശരിവയ്ക്കുന്നതാണ്.

35 വർഷം മുമ്പു പ്രസിദ്ധീകരിച്ചതും കാലികപ്രസക്തിയില്ലാത്തതുമായ ഒരു യാത്രാവിവരണം, രണ്ടായിരാമാണ്ടിൽ മറ്റൊരു പ്രസാധകൻ പ്രസിദ്ധീകരിച്ച ഒരു ചരിത്രഗ്രന്ഥം അച്ചടിപ്പിശകുകൾ സഹിതം ഗ്രന്ഥകർത്താവിന്റെ പേരുമാറ്റി പുനഃപ്രസിദ്ധീകരിച്ചത്, നിലവാരമില്ലാത്ത ഒരു പഠനഗ്രന്ഥം, പ. പരുമല തിരുമേനിയുടെ യാത്രാവിവരണത്തിന്റെ ഡ്യൂപ്ലിക്കേറ്റ് എന്നിവയാണ് എം. ഒ. സി. സമീപകാലത്ത് പ്രസിദ്ധീകരിച്ച കൃതികൾ. ഇവയെല്ലാം കമ്മിറ്റി മെമ്പർമാരുടെ വികൃതികളാണ്. ഇവയിൽ പരുമലത്തിരുമേനിയുടെ യാത്രാവിവരണം എം.ഒ.സി. മെമ്പർ തന്നെ സാഹിത്യ അക്കാദമിയെക്കൊണ്ട് വീണ്ടും പ്രസിദ്ധീകരിപ്പിച്ചിട്ടുണ്ട്. സഭയുടെ ലക്ഷക്കണക്കിനു രൂപ പൊടിച്ച ഇവയുടെ കോപ്പികൾ ചിലവാകാതെ കെട്ടിക്കിടക്കുകയാണെന്നാണറിവ്. ക്രമീകൃതമായ ഓഡിറ്റിംഗ് നടക്കാത്ത പ്രസ്ഥാനമായതിനാൽ നഷ്ടത്തിന്റെ കൃത്യം കണക്ക് ആർക്കും അറിവില്ല.

മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയേക്കാൾ ശക്തമായ കേഡർ പ്രസ്ഥാനമാണ് എം. ഒ. സി. കമ്മിറ്റി. പ. സുന്നഹദോസ് നിയമിക്കുന്ന മെത്രാപ്പോലീത്തൻ പ്രസിഡന്റൊഴികെ ഈ പ്രസ്ഥാനം ആരംഭിച്ചതു മുതൽ കേവലം രണ്ടു മാറ്റങ്ങൾ മാത്രമാണ് ഈ പ്രസ്ഥാനത്തിൽ ഉണ്ടായിരിക്കുന്നത്. ഡോ. സാമുവൽ ചന്ദനപ്പള്ളി മരിച്ച ഒഴിവിൽ ഡോ. ജോസ് പാറക്കടവിൽ നിയമിതനായതും ഫാ. റ്റി. ജി. സഖറിയ മരിച്ച ഒഴിവിൽ ഫാ. കെ. എം. സഖറിയ കടന്നു കൂടിയതും മാത്രമാണവ.

ഓഡിറ്റിംഗും അക്കൗണ്ടിംഗുമില്ലാത്ത ഈ പ്രസ്ഥാനത്തിനു ക്വട്ടേഷൻ വിളിക്കുക തുടങ്ങിയ പരിപാടികളുമില്ലത്രെ. കഴിഞ്ഞ ഏതാനും വർഷങ്ങളായി അച്ചടി ജോലികൾ ഒന്നോ രണ്ടോ പ്രസിലായി മാത്രം ഒതുക്കിയിരിക്കുകയാണ്. ഇതിനു പിറകിൽ എസ്. എസ്. എൽ. സി ചോദ്യപേപ്പർ കുംഭകോണത്തേക്കാൾ വലിയ അഴിമതിയുള്ളതായി ആരോപണമുണ്ട്.

ഇതിനൊക്കെ ഉപരിയായാണ് കോട്ടയം ഈരയിൽകടവിൽ പണിതുയർത്തുന്ന രമ്യഹർമ്യം. പുസ്തകം വാങ്ങുന്നവർക്ക് അപ്രാപ്യമായ ഈ സ്ഥലത്ത് ഒരു കോടി രൂപയിലധികം മുതൽ മുടക്കിൽ കെട്ടിടം പണിയുന്നതിൽ ഭീമമായ അഴിമതിയുണ്ടെന്ന് ആരോപണം ഉയർന്നിരുന്നു. മാർത്തോമ്മാ സഭയും സി. എസ്. ഐ. സഭയും യഥാക്രമം തിരുവല്ലയിലും കോട്ടയത്തും നഗരമദ്ധ്യത്തിൽ ബുക്ക്ഡിപ്പോകൾ സ്ഥാപിച്ചപ്പോൾ ഇപ്രകാരം അപ്രാപ്യമായ ഒരു സ്ഥലത്ത് എം. ഒ. സി. കെട്ടിടം പണിയുന്നത് നിർമാണ അഴിമതിയിലെ ലാഭം മാത്രം മുൻനിർത്തിയല്ല, ഏതാനും ഭാരവാഹികൾക്ക് ചുളുവിൽ കോട്ടയം നഗരത്തിൽ ഇരിപ്പിടം ഉണ്ടാക്കാനാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇത്തരം ഗുരുതരമായ ആരോപണങ്ങളുടെ പശ്ചാത്തലത്തിലാണ് സെക്രട്ടറിക്കു സ്ഥാനഭ്രംശം സംഭവിക്കുമെന്ന അഭ്യൂഹം പരന്നത്. അതിനെ തുടർന്നു കൂടിയ എം. ഒ. സി. കമ്മിറ്റിയിൽ രണ്ടു മോഷണകൃതികൾ സ്വന്തം പേരിൽ പ്രസിദ്ധീകരിച്ചു കിട്ടിയതിന് ഉപകാരസ്മരണയായി സെക്രട്ടറിയെ മാറ്റരുതെന്ന പ്രമേയം അവതരിപ്പിക്കുകയും സ്വന്തം ക്ഷുദ്രകൃതികൾ പ്രസിദ്ധീകരിച്ചു കിട്ടിയവരും സ്വഭവനങ്ങളിലെ അറ്റകുറ്റപ്പണികളും വയറിംഗുമൊക്കെ സെക്രട്ടറി മുഖേന സൗജന്യമായി ചെയ്തു കിട്ടിയവരും പിൻതാങ്ങുകയും ചെയ്താണ് പ്രമേയം പാസായത്. അങ്ങനെ അഴിമതി മൂടിവെയ്ക്കാനും തുടരാനും തങ്ങൾ ഒറ്റക്കെട്ടാണെന്ന് അംഗങ്ങൾ തെളിയിച്ചു.

മാറിമാറി വന്ന നിരപരാധികളായ രണ്ടു മെത്രാപ്പോലീത്തൻ പ്രസിഡന്റുമാരും ഇന്ന് കോടികളുടെ അഴിമതിയാരോപണത്തിന്റെ മുൾമുനയിലാണെന്ന ദൗർഭാഗ്യകരമായ അവസ്ഥയിലാണ് മലങ്കരസഭയും അവരെ നിയമിച്ച പ. സുന്നഹദോസും.

# കപ്പലിലെ കള്ളന്മാരെ പുറത്താക്കുക

**തോമസ് കൊച്ചേരി (ട്രഷറർ)**

സഭയിൽ ശാശ്വതസമാധാനം ഉണ്ടാകണമെങ്കിൽ സഭയുടെ ഉന്നതാധികാര സമിതിയിലും സഭാസിരാകേന്ദ്രത്തിലും സ്ഥിരമായിരിക്കുന്ന ഉപദേഷ്ടാക്കളും ഉദ്യോഗസ്ഥരും ചില സ്ഥാനികളും മാറണം.

സഭയുടെ താത്പര്യ സംരക്ഷകരെന്ന പേരിൽ സഭാവക സ്ഥാപനങ്ങളിൽ ഇരുന്ന് പരസ്യമായി മാധ്യമപ്രമാണിമാരുടെയും ഉപജാപക സംഘത്തിന്റെയും വിഘടിതരുടെയും ഒത്താശയോടെ സഭയ്ക്കും സഭാപിതാവിനും മറ്റു പിതാക്കന്മാർക്കുമെതിരെ കേസും നോട്ടീസും അയച്ച് വാർത്ത സൃഷ്ടിക്കുന്ന കപ്പലിലെ കള്ളന്മാരെ സഭാസ്ഥാപനങ്ങളിൽ നിന്ന് പുറത്താക്കാത്ത പക്ഷം ഈ വ്രണം വീണ്ടും ചൊറിഞ്ഞു പുണ്ണാകും.

ഗവൺമെന്റ് അംഗീകാരവും രജിസ്ട്രേഷനുമുള്ള അൽമായവേദി എന്ന സംഘടനയുടെ പേരിൽ വ്യാജപ്രസ്താവനകളിറക്കി സഭയുടെ നവോത്ഥാനത്തിനായി അക്ഷീണം യത്നിക്കുന്നവരെപ്പറ്റി തെറ്റിദ്ധാരണ പരത്തുവാൻ പ്രധാന മാധ്യമങ്ങളും മുന്നണിയിലുണ്ട്.

സംഘടനകളുടെ ഔദ്യോഗിക ലെറ്റർ പാഡിൽ രജിസ്റ്റർ നമ്പരടക്കം ഭാരവാഹികൾ എഴുതിക്കൊടുക്കുന്ന വാർത്തകൾ പ്രചരിപ്പിക്കാതെ കടലാസ് സംഘടനയുടെ പേരിൽ വ്യാജപ്രസ്താവന കൊടുക്കുന്നത് ആധുനിക പത്രധർമ്മമെന്ന് വിശ്വസിക്കട്ടെ.

"പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പുരാതനവും പരിശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പൊസ്തോലികത്വത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോലിക്കാ സ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നു കളയരുത്... ഈ സിംഹാസനം സംരക്ഷിച്ചു കൊണ്ടു പോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളുമായ ജനങ്ങളും ഏകകൈയോടെ നിന്ന് മുമ്പോട്ടു പോകുന്നതിനും നാം നിങ്ങളെ ഏവരെയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു."

**– പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ**
(അന്ത്യ കല്പനയിൽ നിന്ന്)

# കൂനൻകുരിശ് സത്യം – മിഥ്യകളും സത്യങ്ങളും

## തോമസ് ചാണ്ടി

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

മൂന്നര നൂറ്റാണ്ടുകൾക്കപ്പുറം പിന്നിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന ചില ഘടകങ്ങളെ ഇവിടെ അവതരിപ്പിക്കട്ടെ. "ചരിത്രം പഠിക്കാത്തവർ ചരിത്രത്തിന്റെ അബദ്ധങ്ങൾ ആവർത്തിക്കുവാൻ വിധിക്കപ്പെട്ടവരാണ്" എന്ന മഹദ്വചനം ഏറ്റവും സാരവത്താകുന്നത് മലങ്കര ഓർത്തഡോക്സുകാരന്റെ കാര്യത്തിലാണ്. മട്ടാഞ്ചേരിയിലെ കൽകുരിശിനു ചുവട്ടിൽ, ആ കുരിശിൽ കെട്ടിയിരുന്ന വടത്തിൽ പിടിച്ചുകൊണ്ട് അന്നത്തെ മലങ്കര ക്രിസ്തീയ സമൂഹം ചൊല്ലിയ പ്രതിജ്ഞാവാചകമെന്തന്ന് വിശ്വസനീയമായ രേഖകൾ ലഭ്യമല്ല. പലരും തങ്ങളുടെ വീക്ഷണത്തിന് അനുരൂപമാം വണ്ണം പ്രസ്തുത പ്രതിജ്ഞാ വാചകം മാനുഫാക്ചർ ചെയ്തിട്ടുണ്ട്. "സാമ്പളൂർ പാതിരിമാരുമായുള്ള ബന്ധം വിഛേദിക്കുന്നു" എന്ന് അർത്ഥം വരത്തക്ക ഒന്ന് കത്തോലിക്കാ ചരിത്രകാരന്മാരും "അന്ത്യോഖ്യയുമായുള്ള പുരാതനബന്ധം ഉപേക്ഷിക്കയില്ല" എന്ന് അറബി പക്ഷപാതികളും ഒക്കെ മാനുഫാക്ചർ ചെയ്തിട്ടുള്ള പ്രതിജ്ഞാ വാചകങ്ങൾ ഭാവനാസൃഷ്ടങ്ങളാണെന്ന് മനസ്സിലാക്കുവാൻ അധികം ഗവേഷണത്തിന്റെ ആവശ്യമില്ല. സാഹചര്യത്തെളിവുകളിൽനിന്നും വ്യക്തമാകുന്ന വസ്തുതകൾ ഇനിപ്പറയുന്നവയാണ്.

1. മലങ്കര ക്രിസ്തീയ സമൂഹത്തിന്റെ ആഭ്യന്തര ഭരണ സ്വാതന്ത്ര്യം, തനത് സംസ്കാരം, ആചാരങ്ങൾ എന്നിവയെല്ലാം നിലനിർത്തുവാൻ വേണ്ടിയുള്ള ഒന്നായിരുന്നു കൂനൻകുരിശ് സത്യം. ഇതിന്റെയെല്ലാം പ്രതിപുരുഷനായ അർക്കദിയാക്കോന്റെ കരങ്ങൾ ശക്തിപ്പെടുത്തുക എന്നത് പരമലക്ഷ്യവും.

2. അസംഘടിതരും അതിനാൽ തന്നെ സഭാവിജ്ഞാനത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തവരും ഉദയം പേരൂരിൽ ആർച്ച് ബിഷപ്പ് മെനസിസ് നടത്തിയ മഹാ ദഹനത്തിൽ തങ്ങളുടെ ഭൂതകാലം അക്ഷരാർത്ഥത്തിൽ കട്ടപ്പുകയായി മാറിപ്പോയവരുമായ സമൂഹത്തിന് അരനൂറ്റാണ്ടുകാലത്തെ റോമൻ പ്രചരണ യന്ത്രത്തിന്റെ തുടർച്ചയായ പ്രചരണത്തെ അതിജീവിച്ച് തനത് വിശ്വാസ സംഹിതയിലേക്കെത്തിച്ചേരുവാൻ കഴിഞ്ഞത് ഏതുവിധത്തിൽ അപഗ്രഥിച്ചാലും അത്ഭുതാദരങ്ങളോടെ മാത്രം നോക്കി കാണുവാൻ കഴിയുന്ന ഒന്നാണ്.

3. പക്ഷെ പിൽക്കാല സംഭവങ്ങൾ ചരിത്രത്തിന്റെ തനിയാവർത്തനങ്ങളായിരുന്നു. അന്ത്യോഖ്യൻ സഭയുമായും പ്രോട്ടസ്റ്റന്റ് സഭകളുമായുണ്ടാക്കിയ ബന്ധങ്ങൾ നേട്ടങ്ങളെക്കാളേറെ കോട്ടങ്ങൾ സമ്മാനിച്ചവയാണ്. പല വിഭാഗങ്ങൾ പിരിഞ്ഞുപോയി എന്നതോ സുദീർഘമായ, ഇന്നും അവസാനിച്ചിട്ടില്ലാത്ത വ്യവഹാരങ്ങൾക്ക് വഴിമരുന്നിട്ടു എന്നതോ മാത്രമായിരുന്നില്ല ഇവയുടെ ഗുരുതരമായ പാർശ്വഫലങ്ങൾ. അധിനിവേശക്കാരിൽ നിന്നും സ്വായത്തമാക്കിയതിൽ നന്മയുണ്ടായിരുന്നു എന്നത് നിഷേധിക്കാനാവില്ലെങ്കിലും തിന്മയുടെ അംശം ആവശ്യത്തിലേറെയായിരുന്നു. പരസ്പരം അംഗീകരിക്കുവാനും വിട്ടുവീഴ്ചകൾ ചെയ്യുവാനുമുള്ള മലങ്കര ക്രിസ്ത്യാനിയുടെ കഴിവുകേട് വിരുന്നുവരുന്നവർക്ക് ഭരണം കയ്യാളാനുള്ള അവസരങ്ങൾ വെള്ളിത്താലത്തിൽവച്ച് നൽകി. അന്യം നിന്നുപോയ ക്രൈസ്തവ രാജവംശമായ വില്ലാർവട്ടത്തിന്റെ ചെങ്കോൽ കടലിനക്കരെനിന്നെത്തിയ വെളുത്ത തൊലിയുള്ള പറങ്കികൾക്കടിയറ വെച്ചപ്പോൾ തുടങ്ങിയ അടിമ മനോഭാവം മാറ്റിയെടുക്കുവാൻ ഇന്നും കഴിഞ്ഞിട്ടില്ല.

4. ആരാധന, ദൈവശാസ്ത്രം, സഭാവിജ്ഞാനീയം എന്നീ മേഖലകളിൽ തനത് സരണികൾ കണ്ടെത്താതെ അറബി നാടുകളിലെയും പാശ്ചാത്യ രാജ്യങ്ങളിലെയും ധാരകളെ ചർച്ചിത ചർവ്വണം ചെയ്യുന്നതാണ് പാണ്ഡിത്യത്തിന്റെ അളവുകോൽ എന്ന മിഥ്യാധാരണ ഇന്നും നിലനില്ക്കുന്നു.

"Chalcidonian Synod Re Examined" എന്ന വി. സി. ശമുവേലച്ചന്റെ അത്യുദാത്തമായ വേദശാസ്ത്രകൃതി, പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ വിസ്തൃതമായ ദർശനങ്ങൾ എന്നിവ മാത്രമാണ് ഈ മരുഭൂമിയിലെ പച്ചത്തുരുത്തുകൾ. എപ്പിസ്കോപ്പൽ ഏകാധിപത്യത്തിന്റെ റോമൻ കത്തോലിക്കാ ശൈലിയും ഭാരതീയമായ എല്ലാറ്റിനെയും അക്രൈസ്തവം എന്നു മുദ്രയടിക്കുന്ന പ്രോട്ടസ്റ്റന്റ് ശൈലിയും ഇന്ന് സഭാഗാത്രത്തെ ദുർബ്ബലമാക്കുന്നു.

കൂനൻകുരിശിനെ അനുസ്മരിക്കുമ്പോൾ ഇവക്കെതിരെ നീങ്ങുവാനുള്ള പ്രതിബദ്ധ തകൂടി നാം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

❑

# കാതോലിക്കേറ്റ്: അഭിമുഖീകരിച്ചു...

*(അഞ്ചാം പേജിൽ നിന്നും)*

ളികളുയർത്തിക്കൊണ്ടു പാത്രിയർക്കാ ഭാഗത്തും റോമൻ റീത്തിലും സ്ഥാനികളുണ്ട്. അവർ ഉള്ളതു ഒരു വിധത്തിൽ നല്ലതാണ്. കാരണം മലങ്കര ഓർത്തഡോക്സ് സഭയിൽ കാതോലിക്കേറ്റു വളരുന്നതു പോലെ അവരുടെയിടയിലും അതു വളരട്ടെ എന്നു നമുക്ക് ആശംസിക്കാം. അവരും ദേശീയ സഭകളായിട്ടു ദൈവീക സേവനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ ശക്തരാകട്ടെ. നമുക്കു അനുകൂലമല്ലാത്ത സന്ദർഭത്തിലാണ് അവരൊക്കെ ആ വിധം ആവിർഭവിച്ചതെങ്കിലും പ്രതികൂലമല്ലാത്തവിധം സൂക്ഷിക്കേണ്ടതാണ്. അവരും വളർന്നു മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് പോലെയാകും എന്നു തന്നെ പ്രതീക്ഷയർപ്പിക്കാം.

രണ്ടാമതായി പ്രബുദ്ധീകരണം ആവശ്യമുള്ള മറ്റൊരു മേഖലയെന്നുള്ളത് ഭാരത സഭയുടെ ദേശീയ പശ്ചാത്തലമാണ്. മലങ്കര ഓർത്തഡോക്സ് സഭ ഭാരതത്തിലെ അതിപുരാതന മലങ്കര നസ്രാണി സഭയുടെ ഒരു വിഭാഗമാണെന്നും, ലോകത്തിലുള്ള ഏതൊരു അതിപുരാതന സഭയോടും കിടപിടിക്കതക്കവണ്ണമുള്ളൊരു ചരിത്രവും ധൈര്യവും എല്ലാമുള്ള പോരാട്ട ചരിത്രവും പൗരാണികതയും അപ്പൊസ്തോലിക ആരംഭവും സുദീർഘമായ അക്രൈസ്തവരുടെ മദ്ധ്യേയുള്ള നല്ല ക്രിസ്തീയ സാക്ഷ്യവും സമൂഹത്തിൽ ഉന്നതസ്ഥാനവും നിലനിർത്തി വരുന്നതാണെന്നും ഉള്ള ചിന്തകളാൽ മലങ്കരസഭയിലെ ഓരോരുത്തർക്കും സ്വയാവബോധത്തിനു വിധേയരാകേണ്ടതാണ്. ഇതില്ലാത്തതു കൊണ്ടാണു ഈ സഭാംഗങ്ങളിന്നും കാലാകാലങ്ങളിലും അതിധാരുണമായ ശൈഥില്യങ്ങൾക്കു വിധേയരായിട്ടുള്ളതും വിദേശി സഭകളുടെ പിറകെ തങ്ങളുടെ വ്യക്തിത്വം മറന്നും പരസ്പരം പടപൊരുതിയും, ആവശ്യമില്ലാത്ത ദുർവാശി വച്ചു പുലർത്തിയും മറ്റും ഇറങ്ങി പുറപ്പെട്ടിട്ടുള്ളതും. മറ്റു ഭാരതീയ മതങ്ങളുമായി സാഹോദര്യത്തിലും ബഹുമാനത്തിലും സഹകരണത്തിലും ലോകത്തൊരിടത്തുമില്ലാത്ത ഈ തരത്തിലുള്ള സവിശേഷതയിൽ കഴിഞ്ഞുവന്ന ഒരു പാരമ്പര്യമാണ് ഈ സഭയ്ക്കുള്ളത്. ഈ വിശേഷത വളർത്തി പരിപോഷിപ്പിക്കേണ്ടതാണ്. ഈ സഭയ്ക്ക് വിദേശസഭകളുമായി നൂറ്റാണ്ടുകളുടെ ബന്ധമുണ്ട്. എങ്കിലും ഇതിനു തനതായ ഒരു ദേശീയ വ്യക്തിത്വമുണ്ട്. ഇതിലെ മനുഷ്യർ ഭാരതീയരാണ്. വിദേശികളോ കുടിയേറി പാർത്തവരോ അല്ല; അന്ത്യോഖ്യൻ സുറിയാനി സഭയിലെ വിശ്വാസികളും അല്ല; അതുകൊണ്ട് എന്തൊക്കെ നല്ലതുണ്ടായിരുന്നാലും പൈതൃകത്തെ വിസ്മരിക്കാതെ കാത്തുസംരക്ഷിക്കേണ്ടതാണ്. ഈ സഭ ഒരു കാലത്തും ഒരു വിദേശസഭയുടെ അടിമത്വത്തിൽ ബോധപൂർവ്വം കഴിഞ്ഞിട്ടില്ല. ഇനി കഴിയേണ്ടതായിട്ടുമില്ല. ഈ സഭയെ നയിച്ചിട്ടുള്ള ധൈര്യശാലികളായ അനേകം പിതാക്കന്മാരുണ്ട്. അവരൊക്കെയും ഈ സഭയുടെ നക്ഷത്രങ്ങളാണ്. അവരുടെ ജീവിതസാക്ഷ്യങ്ങളിൽ അഭിമാനം കൊള്ളുകയും സഭയുടെ ദേശീയ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിനു പോരാടുകയും ചെയ്യേണ്ടതാണ്. ഇതിനു കഴിയാതെ വന്നാൽ തികച്ചും വഞ്ചനയാണ് നാം ഓരോരുത്തരും സഭയിൽ നിന്നു കൊണ്ടു ചെയ്യുന്നത്. അതിനൊരു പരിഹാരമുണ്ടാകണം. മലങ്കര ഓർത്തഡോക്സ് സഭയിൽ വിദേശിയായ ഒരു പാത്രിയർക്കീസിനെ സഭയുടെ പരമാദ്ധ്യക്ഷനായി അംഗീകരിക്കേണ്ട ഗതികേട് സ്വതന്ത്ര ഭാരതത്തിൽ ജീവിക്കുന്ന മലങ്കര നസ്രാണിക്കുണ്ടാകരുത്. മറിച്ചായാൽ അത് കൊളോണിയൽ യുഗത്തിന്റെ പുനരാവിഷ്ക്കാരവും ആധുനിക ഭാരത ചരിത്രത്തിന്റെയും മലങ്കര നസ്രാണികളുടെ സാക്ഷ്യത്തിന്റെയും പാതകൾക്കു കടക വിരുദ്ധവുമാണ് എന്നതോർക്കേണ്ടതാണ്.

മലങ്കരസഭയിലെ കാതോലിക്കേറ്റിനെ ഈ സാഹചര്യത്തിൽ ഇവിടത്തെ ഒരു ദേശീയ വളർച്ചയും വികാസവുമായിട്ടു തന്നെ കാണുവാനും വളർത്തുവാനും വീക്ഷണ രീതിയിൽ മാറ്റമുണ്ടാകേണ്ടിയിരിക്കുന്നു. മാർ തോമ്മാശ്ലീഹായിൽ നിന്നുമുള്ള പൗരോഹിത്യ പാരമ്പര്യം ഈ സഭയ്ക്കുണ്ടെന്നു പറയാമെങ്കിലും അതു അർക്കദിയാക്കോൻ, എപ്പിസ്ക്കോപ്പാ, മലങ്കര മെത്രാപ്പോലിത്താ, കാതോലിക്കാ എന്നീ ശ്രേണികളിലൂടെ നൂറ്റാണ്ടുകളെടുത്തു വളർന്നു വികസിച്ചിട്ടുണ്ട്. അതിന്റെയൊക്കെ ഇന്നത്തെ വളർച്ചയാണു കാതോലിക്കേറ്റ്. നമ്മുടെ പിതാക്കന്മാരുടെ പരിശ്രമം വഴിയായി രൂപപ്പെട്ടിട്ടുള്ളതാണു ഇതൊക്കെ. അതു തുടർന്നും വളർത്തിക്കൊണ്ടു വരിക എന്നതു നമ്മുടെ ചുമതലയാണ്.

**മൂന്ന്:** മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു തദ്ദേശീയ തലത്തിലുള്ള സമ്പൂർണ്ണമായ വളർച്ചയുണ്ടാകേണ്ടതാണ്. സഭാഭരണ തലത്തിൽ മാത്രം അതു പരിമിതപ്പെട്ടുകൂടാ. ഈ സഭയുടെ ആരാധനാ പാരമ്പര്യം സഭാശിക്ഷണ ക്രമീകരണങ്ങൾ, വേദശാസ്ത്ര, സഭാവിജ്ഞാനീയം എന്നു വേണ്ട മറ്റെല്ലാം തന്നെ അന്ത്യോഖ്യൻ സുറിയാനിക്കാരുടേതും കഴിഞ്ഞ കാലങ്ങളിൽ കണ്ണുമടച്ചു എടുത്തിട്ടുള്ളതുമാണ്. മലങ്കരസഭയിലെ കാതോലിക്കേറ്റ് ഇവയുടെ തനതായ ആവിഷ്ക്കരണത്തിനും വികസനത്തിനും ശ്രദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ മാത്രമേ തനതായ ഒരു സഭാവ്യക്തിത്വമുണ്ടാവുകയുള്ളു. ഇതേപോലെ തന്നെ ചുറ്റുപാടുമുള്ള മറ്റു മതങ്ങളുമായി ആശയവിനിമയം നടത്തുന്നതിനും സഹകരണവും സാഹോദര്യവും കാണിക്കുന്നതിനും അത്യധികം ഉത്സാഹിക്കേണ്ടതാണ്. അതേപോലെ മലങ്കര നസ്രാണികളുടെ പൈതൃകത്തിൽ ഉൾപ്പെട്ടതും ഇന്നു വിഭിന്ന സഭകളായി നിലനിന്നു വരുന്നതുമായ പത്തോളം വരുന്ന വിഭാഗങ്ങളുണ്ട്. അവരുമായും ഏതൊക്കെ തലത്തിൽ സഹകരിക്കാൻ നിവൃത്തിയുണ്ടോ ആ മേഖലകളിലൊക്കെ സഹകരിക്കാൻ കഴിയേണ്ടതാണ്. ഇവയിൽ ആവശ്യമായ പ്രധാന നേതൃത്വങ്ങൾ കാതോലിക്കേറ്റിനു നൽകാൻ കഴിയണം.

ഈ ലക്ഷ്യങ്ങൾ കാലാകാലങ്ങളിൽ അനുഭവപ്പെടുന്ന വൈതരണികളെ ധൈര്യപൂർവ്വം അഭിമുഖീകരിച്ചേ പൂർത്തിയാ ക്കാൻ പറ്റൂ. കാതോലിക്കേറ്റിന് ഇതിനു വേണ്ട വിശാലമായ വീക്ഷണവും ശക്തീകരണവും ലഭിക്കട്ടെ.

## കാതോലിക്കാദിനം കൂനൻകുരിശിൽ

കോട്ടയ: അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെയും മട്ടാഞ്ചേരി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെയും സംയുക്താഭിമുഖ്യത്തിൽ കാതോലിക്കാദിനം ആഘോഷിക്കുന്നു. ഏപ്രിൽ രണ്ടിനു രാവിലെ വി. കുർബാനാനന്തരം മട്ടാഞ്ചേരിയിലെ കൂനൻ കുരിശു സ്മാരക കല്ക്കുരിശിൽ ആലാത്തുകെട്ടി അതിൽ പിടിച്ചുകൊണ്ട് കാതോലിക്കാ ദിന പ്രതിജ്ഞ എടുക്കും. വികാരി ഫാ. ജോൺ ജോർജ് പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കും. തുടർന്ന് 'കൂനൻകുരിശു സത്യവും കാതോലിക്കേറ്റും ദേശീയതയും' എന്ന വിഷയത്തെപ്പറ്റി എം. കുര്യൻ തോമസ്, തോമസ് ചാണ്ടി എന്നിവർ പ്രസംഗിക്കും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അൽമായവേദി പ്രവർത്തകർ കൂനൻകുരിശ് തീർത്ഥയാത്രയിൽ പങ്കെടുക്കും.

## മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



**ബിജുവും ശോഭയും**

# കല്ലറകൾ പുനഃപ്രതിഷ്ഠിച്ചു

**ജേക്കബ് ജാതിക്കാടൻ**
**(സെക്രട്ടറി, പള്ളം യൂണിറ്റ്)**

പള്ളം സെന്റ് പോൾസ് പള്ളിയുടെ ആദ്യകാല വികാരിമാരായിരുന്ന കൈതയിൽ ഗീവർഗീസ് കത്തനാരുടെയും പാറപ്പുറത്ത് ഗീവർഗീസ് കത്തനാരുടെയും കല്ലറകൾ നീക്കിയത് സംബന്ധിച്ചുണ്ടായ തർക്കങ്ങൾ, ഇടവക മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ അവസരോചിതമായ നടപടികളിൽ കൂടി രമ്യമായി പര്യവസാനിച്ചു. ബഹു. അച്ചന്മാരുടെ കുടുംബങ്ങളും ഇടവകാംഗങ്ങളും യോജിപ്പോടുക്കൂടി പ്രസ്തുത കല്ലറകൾ പള്ളിച്ചെലവിൽ പള്ളിയുടെ മദ്ബഹായോട് ചേർന്നു തയ്യാറാക്കി. തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ പുതിയ കല്ലറയുടെ പുനഃപ്രതിഷ്ഠ നടത്തി. ഫാ. ഡോ. ജേക്കബ് കുര്യൻ അനുസ്മരണ പ്രഭാഷണം നടത്തി.

**"പള്ളിയുടെ മുതൽ ദുരുപയോഗം ചെയ്താൽ അയ്മേനിയെന്നല്ല, തിരുമേനിയായാലും ദൈവം വെറുതെ വിടുകയില്ല."**

**– പാമ്പാടി തിരുമേനി**

## അത്മായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ്

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഇ മെയിൽ ഡിസ്ക്കഷൻ ഗ്രൂപ്പ് ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് നവോത്ഥാനപ്രസ്ഥാനം (**Malankara Orthodox Renaissance Movement**) എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ഗ്രൂപ്പിൽ മലങ്കര സഭാംഗങ്ങളായ ആർക്കും അംഗങ്ങളായി ചേരാം. തങ്ങളുടെ അഭിപ്രായങ്ങൾ തുറന്ന് എഴുതുവാനും സംശയങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള അവസരമുണ്ട്.

അൽമായവേദിയുടെ ലക്ഷ്യങ്ങളെയും, ഈ പ്രസ്ഥാനം ഉയർത്തുന്ന ചോദ്യങ്ങളെയും പ്രശ്നങ്ങളെയും കൂടുതൽ ആളുകളുമായി പങ്കിടുവാനും മെത്രാപ്പോലീത്തന്മാർ, അച്ചന്മാർ തുടങ്ങി സമാനമനസ്ക്കരായ വ്യക്തികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് ഈ പ്രസ്ഥാനത്തെ ചലനാത്മകവും പ്രസക്തവുമാക്കിത്തീർക്കുവാനാണ് ഈ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

**Group name: Malankara Orthodox Renaissance Movement**
**One may directly become a member of this group by going to http://in.groups.yahoo.com/group/MORM. Or one may write to us at MORM@yahoogroups.co.in or at almayavedi@yahoo.co.in.**


## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

**കെ. വി. ഏബ്രഹാം കൊടുവത്ത്** (പ്രസിഡന്റ്) ഫോൺ: 0481 –2432507
**തോമസ് ചാണ്ടി** (സെക്രട്ടറി) ഫോൺ: 0481 – 2517406, 3957546, 9847563188
**തോമസ് കോച്ചേരി** (ട്രഷറർ) ഫോൺ: 0481 – 2462553
**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (ഓർഗനൈസിംഗ് സെക്രട്ടറി)**
**ഫോൺ: 0481 – 2463138**
**ജയിംസ് പാമ്പാടി (ഓർഗസൈനിംഗ് സെക്രട്ടറി) ഫോൺ: 9447706865**

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച് വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDI**
**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**
**E-mail: almayavedi@yahoo.co.in**
**Web: www.malankaranazrani.info/Almaya Vedi/almaya.htm**


**To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to: http://in.groups.yahoo.com/group/MORM/**

# പാമ്പാടി തിരുമേനി: ഒരു കൊച്ചുമകന്റെ വീക്ഷണത്തിൽ

## സാബു വടകര

പ. പാമ്പാടി തിരുമേനി പാമ്പാടി നിവാസികൾക്ക് ദൈവപുരുഷനാണ്. പാമ്പാടിയുടെ ചരിത്രം തിരുമേനിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇന്നത്തെ സഭയിലെ തിരുമേനിയുടെ ആർഭാടജീവിതം കടന്നുപോകുമ്പോൾ തിരുമേനിയുടെ ജീവിതം എത്ര ലളിതമായിരുന്നു. തനിയ്ക്കുള്ളതെല്ലാം സഭയ്ക്ക് നല്കി - സഭ തന്റെ അമ്മയാണെന്ന് തിരുമേനി പറയുമായിരുന്നു. തനിയ്ക്ക് ആവശ്യമുള്ളതെല്ലാം ദൈവത്തോട് ചോദിച്ചു വാങ്ങിയ പരിശുദ്ധനായിരുന്നു തിരുമേനി.

1899 ഫെബ്രുവരി 5 - ന് പാമ്പാടി പള്ളിയിൽ വച്ച് കുറിയാക്കോസിന് 14-ാമത്തെ വയസ്സിൽ കോറൂയോ പട്ടം കൊടുത്തു.

1906 ജൂലൈ 8-ാം തീയതി പാമ്പാടി പള്ളിയിൽ വച്ച് 21 വയസ്സുള്ള പൂർണ്ണശെമ്മാശനായ ആ യുവാവിന് പിന്നീട് ഒന്നാം കാതോലിക്കാ ആയി ഉയർത്തപ്പെട്ട മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് തിരുമേനി കശ്ശീശാപട്ടം കൊടുത്തു. പിറ്റെ ദിവസം തന്നെ റമ്പാൻ സ്ഥാനവും കൊടുത്തു. അടുത്ത ദിവസം പാമ്പാടി പള്ളിയിൽ പുത്തൻ കുർബ്ബാന അർപ്പിച്ചു. മലങ്കരസഭയുടെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണിത്. ഈ മൂന്നു ദിവസം പാമ്പാടിയും പരിസരങ്ങളും ഒരുത്സവ പ്രതീതി ആയിരുന്നു.

റമ്പാനായശേഷം താൻ പാമ്പാടി പള്ളിയിൽ പൂർണ്ണ സന്യാസജീവിതം നയിച്ചുകൊണ്ട് താമസിയ്ക്കുകയും കോട്ടയം പഴയ സെമിനാരിയിൽ കാൽനടയായി പോയി സുറിയാനി പഠിപ്പിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ അഗാധ പണ്ഡിതനായിരുന്ന തിരുമേനി സുറിയാനി ഭംഗിയായി എഴുതുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് പ. പാത്രിയർക്കീസ് ബാവായുമായുള്ള എഴുത്തുകുത്തുകൾ എല്ലാം തിരുമേനിയായിരുന്നു നടത്തിയിരുന്നത്. പാത്രിക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ സുറിയാനിയിൽ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പാമ്പാടി പള്ളിയുടെ പടിഞ്ഞാറു വശങ്ങൾ ഏഴുപുല്ലുമേഞ്ഞ ചെറിയ പലകകെട്ടിടത്തിൽ തിരുമേനിയും സഹായി പൊട്ടൻ ചേട്ടനും താമസം തുടങ്ങി. 1913-ൽ ഒരു ദിവസം പാതിരാ യാമപ്രാർത്ഥനയ്ക്കായി എഴുന്നേറ്റ തിരുമേനി തന്റെ മുറിയുടെ മുകൾവശം തീ കത്തുന്നതു കണ്ടു. പെട്ടെന്ന് പൊട്ടൻചേട്ടനെ വിളിച്ചുണർത്തി ജനലു വഴി പുറത്തേക്ക് ചാടി ഒരു പോറലു പോലും ഏല്ക്കാതെ രക്ഷപെട്ടു. തിരുമേനി താമസിച്ചിരുന്ന കെട്ടിടം മുഴുവൻ കത്തിച്ചാമ്പലായി. പിന്നീട് താമസത്തിനായി പല ബുദ്ധിമുട്ടുകളും സഹിയ്ക്കുകയും പള്ളിയുടെ പടിഞ്ഞാറു വശം പൊളിച്ച് തടികൊണ്ട് തട്ടുണ്ടാക്കി വർഷങ്ങളോളം അവിടെ താമസിച്ചു. കക്ഷിവഴക്ക് മൂർച്ഛിയ്ക്കുകയും പാമ്പാടിയിലെ താമസം വളരെ ദുഃസഹമായി തീരുകയും കേസിൽ വിധി തനിക്ക് എതിരായുണ്ടാവുകയും ചെയ്തപ്പോൾ സങ്കടത്തോടെ പാമ്പാടി പള്ളിയിൽ നിന്നും ഇറങ്ങിപ്പോവുകയും പൊത്തമ്പുറത്തുള്ള 12 ഏക്കർ സ്ഥലം വില കൊടുത്തു വാങ്ങി അവിടെ കുടിൽകെട്ടി താമസം ആരംഭിയ്ക്കുകയും ചെയ്തു (ഈ സ്ഥലം സൗജന്യമായി ലഭിച്ചതാണെന്ന് പലയിടത്തും പ്രസ്താവിച്ചു കാണാറുള്ളത് ശരിയല്ല. അന്നത്തെ സ്ഥലവിലയിലേറെ കൊടുത്താണ് ഇന്ന് പൊത്തമ്പുറം ദയറാ സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങിയത്). റമ്പാനായശേഷം സുന്നഹദോസ് മേല്പട്ട സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തുവെങ്കിലും താൻ ഒരു സാധാരണക്കാരന്റെ മകനാണെന്നും സാമ്പത്തികമായും വിദ്യാഭ്യാസപരമായും തിരുമേനി ആവാനുള്ള യോഗ്യത തനിക്കില്ലെന്നും പറഞ്ഞ് 16 വർഷക്കാലം പ്രസ്തുത പദവി സ്വീകരിക്കാതെ സന്യാസജീവിതം നയിച്ചു. പല സമ്മർദ്ദങ്ങൾക്കും വഴങ്ങി 1929-ൽ കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് പ. ഗീവർഗ്ഗീസ് II ബാവായിൽ നിന്നും മേല്പട്ടസ്ഥാനം സ്വീകരിച്ചു. കോട്ടയം നിവാസികൾ പ്രത്യേകിച്ച് പാമ്പാടിക്കാർ ഏറെ സന്തോഷിച്ച ദിനങ്ങളായിരുന്നു ഇത്. തുടർന്ന് തിരുമേനി കോട്ടയം ഭദ്രാസനത്തിന്റെ ചുമതലയേറ്റെടുത്തു.

1958 മുതൽ തിരുമേനിക്ക് ഓർമ്മക്കുറവ് തുടങ്ങി. വി. കുർബ്ബാന അർപ്പിക്കുന്ന സമയത്തൊക്കെ ഇത് വലിയ പ്രയാസ്സം ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അവസാനനാളുകളിൽ പ. പിതാവ് അനുഭവിച്ചു കൊണ്ടിരുന്ന തീവ്രമായ വേദനയുള്ള രോഗത്തിന്റെ നൊമ്പരങ്ങൾ തിരുമേനി അറിയാതിരിക്കാനായിട്ട് ദൈവം കൊടുത്ത മറയായിരുന്നിരിക്കണം ഈ ഓർമ്മക്കുറവ്. 80 വയസ്സാണ് ഒരു മനുഷ്യന് ദൈവം കൊടുത്തിരിക്കുന്ന പരമാവധി ആയുസ്സ് എന്ന് പലപ്പോഴും പറയുമായിരുന്ന തിരുമേനി 80 വയസ്സ് പൂർത്തിയായ അന്ന് കാലം ചെയ്തു. കബറടക്കം കഴിഞ്ഞ് തിരുമേനിയുടെ പണപ്പെട്ടി തുറന്നു നോക്കിയപ്പോൾ 33 പൈസായാണ് ഉണ്ടായിരുന്നത്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലായിരുന്ന തിരുമേനി വാരിക്കോരി സാധുക്കളെ സഹായിച്ചിട്ടുണ്ട്. ഇന്ന് പൊത്തമ്പുറത്തെ സ്ഥിതി മാറി. വലിയ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത തിരുമേനിയുടെ നാമത്തിൽ അനേകം സ്ഥാപനങ്ങൾ ഉയർന്നു. പ. തിരുമേനിയുടെ കബർ ആയിരങ്ങൾക്ക് ആശ്രയമാണിന്ന്. ഇന്ന് ചിലർ നടത്തുന്ന പല കാര്യങ്ങളിലും തിരുമേനി വിഷമിയ്ക്കുന്നുണ്ടായിരിക്കാമെങ്കിലും സകലചരാചരങ്ങളേയും സ്നേഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന തിരുമേനി എല്ലാം കാണുന്നുണ്ട് അറിയുന്നുണ്ട്, അവർക്കുവേണ്ടിയും നമുക്കെല്ലാവർക്കുവേണ്ടിയും കർത്താവിന്റെ സന്നിധിയിൽ നിലകൊള്ളുന്നു. തിരുമേനിയുടെ വിശുദ്ധിക്കും ലളിതജീവിതത്തിനും ലോകത്തോടു മുഴുവനുമുള്ള സ്നേഹത്തിനും സഭയോടും കാതോലിക്കേറ്റിനോടുമുള്ള വിശ്വസ്തതയും കൂറും ഇന്നത്തെ ഭരണാധികാരികൾ വീണ്ടെടുത്തെങ്കിൽ എന്ന് പ്രാർത്ഥിക്കുന്നു. അവിടത്തെ തൃപ്പാദത്തിൽ സകലതും സമർപ്പിച്ചുകൊണ്ട് അവിടത്തെ കൊച്ചുമകൻ ഈ വാക്കുകൾ ഉപസംഹരിക്കട്ടെ.

# പാമ്പാടിയിലെ പാരിജാതം

*(ഒന്നാം പേജിൽ നിന്നും)*

പരിശുദ്ധ സുന്നഹദോസ് ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഒരു പുണ്യവാൻ ദിവംഗതനായശേഷം 50 കൊല്ലമെങ്കിലും കഴിഞ്ഞാണ് ഇത്തരം നാമകരണ നടപടികൾ സഭയിൽ ആരംഭിക്കുക. ഏതാനും വർഷങ്ങൾക്കകം പരിശുദ്ധ പ്രഖ്യാപനം ഉണ്ടാകും എന്നത് ഉറപ്പാണ്.

പുണ്യവാന്റെ 41-ാമത് ഓർമ്മപ്പെരുന്നാൾ 2006 ഏപ്രിൽ 5 നാണ് നടത്തപ്പെടേണ്ടത്. എന്നാൽ വലിയനോമ്പു കാലമായതിനാൽ ഇത്തവണ ഏപ്രിൽ 7, 8 തീയതികളിൽ (വെള്ളി, ശനി) ഓർമ്മപ്പെരുന്നാൾ ചടങ്ങുകൾ ക്രമീകരിച്ചിരിക്കുകയാണ്. ഇതോടൊന്നിച്ചു പരിശുദ്ധ കാതോ ലിക്കാ ബാവാ തിരുമേനിയ്ക്ക് കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പ്രൗഢോജ്ജ്വലമായ ഒരു സ്വീകരണവും ക്രമീകരിച്ചിട്ടുണ്ട്.


## പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടു കൊണ്ട്



## ഓർമ്മയിൽ നാലാം വർഷം



**രാജച്ചൻ (അലക്സാണ്ടർ)**
**പുത്തൻപുരയ്ക്കൽ, മല്ലപ്പള്ളി**

"സ്വർഗ്ഗപിതാവിൻ സന്നിധിയിൽ
സ്വർഗ്ഗീയ വിശുദ്ധനൊപ്പം വലഭാഗേ
നിത്യമാം ജീവ... സ്വസ്ഥതയിൽ
ധന്യമായി തീർന്നിതെന്റെ ജന്മം."

Inserted by:- Sorrowing Family


# A Women's Voice (ii)

**Mrs. SUSAN JACOB, CHENNAI**

"Lord I want to know more of you,
Like a hart that panteth after water brooks,
So my soul thirstech for you."

Do we have dedicated and inspired teachers, who would instill the Christian spirit of loving and giving in our children? Do we have a loving shephered who leads the way, watchful for the one that goes astray? Do we have adequate guidance and counselling centres for the growing children beset with doubts and questions?

The future of the Church is interlinked with that of our children. They have to be taught that they should not despise the Visible Church. It isn't just the edifice, but what it stands for, over the centuries. The Church is the manger a Bethlehem where the world's first nativity scene was immoralised. It is an Upper Room, where a handful of disheartened and frightened disciples assembled; It is Calvary, where Christ died; It is an ancient Olive Tree, It is where Jews and the Gentiles are reconciled. It is a vineyard in which Christ is the Vine-dresser, a sheepfold of which Christ is the door, a flock of which Christ is the Shephered. It is the household of God; his dwelling place among men; it is a light set on a candle stick. It is the pledge of God's love; It is the body of Christ-It is a mystery. Wherever there is Salvation, there is the Church. In belonging to the Church, the Christian is not released from the obligation to do all he can on the human level to develop psychologically, intellectually and emotionally, into a responsible member of sociery. To be a Christian is to relate with fellow human beings, for God is love. It should be explained to the children that the love of God is an unfathomable mystery.

Biblical guidance and spiritual instructions, regarding the Church and its beliefs are to be given to our children. This calls for a dedicated group of trained and gifted people who like spending their time with children, who are enterprising enough to attract children to the service of God and his fellowmen, so that they will grow in all dimensions, in integrity, and in confidence and learn to live and work in peace and harmony.

We must revamp the whole system of imparting spiritual education to children and make the Church and God a personal experience! While people with the back ground and training should volunteer themselves for this worthy cause, they should necessarily be guided, encouraged, supported and appreciated by the church as well. To avert tomorrow predicament we have to girdle ourselves and act now, laymen & priests in collaboration with each other.

❑


## മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്





## സാബു വടകരയും കുടുംബവും, പാമ്പാടി

# ഉണർത്തിയാൽ ഓർത്തഡോക്സുകാരൻ ഉണരും

## ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ

ഓർത്തഡോക്സ് സഭയിൽ തർക്കമില്ല. മെത്രാന്മാരിലും വൈദീകരിലും സാധാരണ അൽമായരിലും സഭാസംബന്ധമായി തീവ്രവാദം പോയിട്ട് മിതവാദം പോലും ഇല്ല. 1995 ലെ സുപ്രീംകോടതി ഉത്തരവ് നാളിതുവരെ ഉത്തരത്തിൽ വച്ച് കേസിനു മുകളിൽ കേസും പ്രശ്നങ്ങൾക്കു മുകളിൽ പ്രശ്നങ്ങളും സൃഷ്ടിക്കുന്നതിൽ ഇരുവിഭാഗത്തിലേയും ചില വൻകിട അൽമായ പ്രമുഖരായ മാധ്യമ രാഷ്ട്രീയ മാഫിയാമാരും അവരുടെ ബിനാമികളായ ചില ആചാര്യന്മാരും ഒറ്റക്കെട്ടാണ്.

പെരുമ്പള്ളി തിരുമേനി കോട്ടയം 'ഡയോസിസ് ബുള്ളറ്റിനി'ൽ വിധിയനന്തരം എഴുതി 1934 ലെ സഭാഭരണഘടന പ്രകാരവും സുപ്രീംകോടതി വിധിപ്രകാരവും സമാധാനമാവാം. ഈ അവസരം പാഴാക്കിയതു അന്നുമുതൽ ഇന്നുവരെ സഭാ നേതൃ ത്വത്തിൽ ഇരിക്കുന്ന ഉന്നതന്മാരായ വെള്ളാ നകൾ മാത്രമാണ്. മണർകാട് പള്ളിയിലെ പട്ടക്കാരടക്കം സമാധാനത്തിനു തയ്യാറായി പ. കാതോലിക്കാ ബാവായുടെ അടുത്തെത്തി. പക്ഷേ സ്ഥാനമാനങ്ങൾ നിലനിർത്തി യും കലഹം നിലനിർത്തിയും സഭയുടെ നേതൃത്വം കൈപിടിയിൽ ഒതുക്കിയവർ അന്നു വിഘടിത വിഭാഗത്തിൽ വിടവുകൾ സൃഷ്ടിച്ച് അവരിലെ പ്രമുഖരായ മെത്രാന്മാരെ ഔദ്യോഗിക വിഭാഗത്തിൽ എത്തിച്ചു. സഭയിൽ എത്തിയ തിരുമേനിമാർ പ. കാതോലിക്കാ ബാവായ്ക്കും 1934 ലെ ഭരണഘടന യ്ക്കും വിധേയപ്പെട്ടു. കോട്ടയത്തെ അൽമാ യ പ്രമുഖരുടെ മുൻപിൽ ഓച്ഛാനിച്ച് നിന്നില്ല എന്ന ഒറ്റകാരണത്താൽ അവരെ ഒറ്റുകാരായി ഒറ്റപ്പെടുത്താൻ ഒരു റമ്പാന്റെ പേരുവച്ച് ഒരു വിവാദകത്ത് മാധ്യമങ്ങളിൽ കൊടുത്ത് സഭയിൽ അപസ്വരം ഉയർത്താൻ തുട ങ്ങി. അതിൽ വിജയം കണ്ടെത്താത്ത ടിയാന്മാർ മണർകാട് മാർച്ച്, ആന്റണിക്കെ തിരെ പ്രതിഷേധം തുടങ്ങിയ കലാപരിപാടികൾ നടത്തി സഭായോജിപ്പ് അസ്തമിപ്പിച്ചു. എന്തായാലും ആന്റണി അധികാരം ഒഴിഞ്ഞു. തങ്ങളുടെ നേതാവിനെ അധികാരത്തിൽ എത്തിച്ചു. മണർകാട് മാർച്ചിന്റെ ഉത്തരവാദിത്വം കാലംചെയ്ത പ. ബാവായു ടെ തലയിൽ വച്ചുകെട്ടി മാന്യന്മാരായി.

ശിവരാജ് പാട്ടീൽ വഴി പാത്രിയർക്കീ സിന്റെ അനർഹ സന്ദർശനം തടഞ്ഞ പ. ബാവായ്ക്ക് എതിരെ 'സഹമന്ത്രി' മുഖേന പാത്രിയർക്കീസിനെ വരുത്തി വിഘടിതർക്ക് ഉന്മേഷം നല്കി. ഇതിൽ 'മനോരമ'യുടെ സേവനവും സ്തുത്യർഹമാണ്. ഈ ഇടപാടിൽ ഔദ്യോഗിക വിഭാഗത്തിനു തെറ്റിദ്ധാരണ വരാതിരിക്കാൻ ആലുവായിൽ ലാത്തിയ ടിച്ച് ഓർത്തഡോക്സുകാരെ പ്രീണിപ്പിച്ചു. തല്ലിയ പോലീസിനെ ശിക്ഷിച്ചും അക്രമിക ളെ വെറുതെവിട്ടും സന്തുലിതാവസ്ഥ നിലനിർത്തി. ശ്രേഷ്ഠൻ തക്കത്തിനൊത്ത് രാ ഷ്ട്രീയം കളിച്ചു. സമനില നിലനിർത്താൻ എഴുതിക്കൊടുത്ത ഉറപ്പു ലാവോസിലിരുന്നു മുഖ്യൻ ലംഘിച്ചു. രാഷ്ട്രീയവും സഭ യും കൂട്ടിക്കുഴച്ച് പ്രശ്നം സൃഷ്ടിക്കുന്ന രാഷ്ട്രീയ നയവും അതിനു കൂട്ടുനില്ക്കുന്ന വൈദീക ശ്രേഷ്ഠർക്കും ക്രിസ്തുവിനേക്കാൾ ആരാധന രാഷ്ട്രീയ നേതാക്കളോടാണ്. ഇവർ സഭയെ അവരുടെ കേളീരംഗമാക്കാതിരിക്കണം എന്ന് അപേക്ഷിക്കുന്നു. കാര്യങ്ങൾ ഇങ്ങനെയൊക്കെയെങ്കിലും പ. ബാവായുടെ കബറടക്കത്തിന് സ്വർഗ്ഗീയ കവാടം തുറക്കാൻ കേരളാ പോലീസ് മൂന്നു ചുറ്റു വെടി ഉതിർത്തു. മുഖ്യൻ കബറിടം സന്ദർശിച്ച് പ്രതിബദ്ധത തെളിയിച്ച് തേരു തെളിച്ചു കൊണ്ടേയിരിക്കുന്നു.


**കോട്ടയ്ക്കൽ ബുക്സിന്റെ സഭാചരിത്ര – ജീവചരിത്ര ഗ്രന്ഥങ്ങൾ**

| | |
|---|---|
| താബോറിലെ താപസവര്യൻ (പാമ്പാടി തിരുമേനി) | 75 രൂപ |
| സഭാകവി സി. പി. ചാണ്ടി | 40 രൂപ |
| റീത്തുപ്രസ്ഥാനം | 100 രൂപ |
| മലങ്കരസഭയ്ക്കെതിരെ പാത്രിയർക്കീസന്മാരുടെ അതിക്രമങ്ങൾ | 100 രൂപ |

*കോപ്പികൾക്ക്*

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, പി. ബി. 10, മാങ്ങാനം, കോട്ടയം – 18






പൊന്നിലും സൗഹൃദ ത്തിന്റെ തിളക്കം

ഫ്രണ്ട്സ് ജുവലേഴ്സ്

കെ. കെ. റോഡ്, കോട്ടയം

ഫോൺ: 0481 2583730, 2564114



citi financial TWO WHEELER LOANS

**Assent**

**FINANCIAL SERVICES**

VAZHAPARAMBIL BULDING, ERAYILKADAVU ROAD

KOTTAYAM PH: 0481 2304236 MOB: 94470 06807

EASY WAY TO GET TWO WHEELER LOANS



**Aiswarya Glass House**

**Anugraha Building**

**Near Kanjikkuzhi Bridge, Vadavathoor P. O.**

**Kottayam Ph: 0481 5534522 Mob: 94465 10293**

**Specialised for: Glass Polishing, Beveling, Etching & Colouring**

Dealers in Glass, Plywood, Mica, Novapan & Hardware items








# വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ചാരിറ്റബിൾ ട്രസ്റ്റ് ഉദ്ഘാടനം ചെയ്തു

മലങ്കരസഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ശാശ്വതസ്മരണ നിലനിർത്തുന്നതിന് അദ്ദേഹത്തിന്റെ ജന്മനാടായ മല്ലപ്പള്ളിയിൽ "വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് സ്മാരക ചാരിറ്റബിൾ ട്രസ്റ്റ്" എന്ന പേരിൽ ഒരു ജീവകാരുണ്യ പ്രസ്ഥാനം ഉദ്ഘാടനം ചെയ്തു. മല്ലപ്പള്ളി സെന്റ് ജോൺസ് ബഥനി ഓർത്തഡോക്സ് വലിയപള്ളിയിൽ വച്ച് ഡോ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 25 ന് ചേർന്ന സമ്മേളനത്തിൽ നിരണം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയാണ് ട്രസ്റ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. വട്ടശ്ശേരിൽ തിരുമേനിയുടെ കുടുംബാംഗവും അദ്ദേഹത്തിന്റെ ഒരു തികഞ്ഞ ഭക്തനും സഭാസ്നേഹിയുമായിരുന്ന യശ്ശഃശ്ശരീരനായ വട്ടശ്ശേരിൽ പുത്തൻപുരയ്ക്കൽ രാജച്ചന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ വിവാഹസഹായനിധി അദ്ദേഹത്തിന്റെ പത്നി കുഞ്ഞമ്മ അലക്സാണ്ടർ ഡോ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറി. യോഗത്തിൽ വച്ച് രണ്ട് നിർദ്ധന യുവതികൾക്ക് 25000 രൂപ വീതം വിവാഹധനസഹായത്തിന്റെ അനുമതിപത്രം ജോസഫ് എം. പുതുശ്ശേരി എം. എൽ. എ. വിതരണം ചെയ്തു.

വികാരി ഫാ. കെ. വി. തോമസ്, എസ്സ്. ശ്രീലാൽ (മംഗളം ദിനപത്രം), ഡോ. ജോസ് പാറേക്കടവിൽ, സെക്രട്ടറി കുര്യൻ ജോർജ്ജ് ഇരുമേട എന്നിവർ പ്രസംഗിച്ചു.

### അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**


**SANI LAND**

**PAMPADY**

**Alumkal Shopping Complex, Opp. SBT, N.H. 220, Pampady, Ph: 0481 - 2507897**

Branch: Vadakara Buildings, Behind North Malabar Gramin Bank, N.H. 220, Pampady, Kottayam Ph: 0481 - 2505758

**28–02–2006 വരെയുള്ള പർച്ചേസുകൾക്ക് നറുക്കെടുപ്പിലൂടെ ഒരു പവൻ സ്വർണ്ണനാണയം Nokia മൊബൈൽ ഫോൺ V Guard Water Heater എന്നിവ സമ്മാനമായി നൽകുന്നു.**



**മാവേലിമറ്റം ബിൽഡേഴ്സ്**

**പാമ്പാടി**

**Mobile No. 98479 83297**

**വീടുകൾ, ഫ്ളാറ്റുകൾ എന്നിവയുടെ നിർമ്മാണജോലികൾ വിശ്വസ്തമായും ഭംഗിയായും വേഗത്തിൽ ചെയ്തുകൊടുക്കുന്നു**



**ഫാൻസി ടെക്സ്റ്റൈൽസ്**

**(ആദായക്കട)**

**കെ. കെ. റോഡ്, പാമ്പാടി**

**വിശ്വസ്തത, വിലക്കുറവ്, വിപുലമായ ശേഖരം**

**കുഞ്ഞുടുപ്പുകൾ മുതൽ പട്ടുസാരികൾ വരെ കമ്പനി വിലയ്ക്ക്**



സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam

Editor: Mathews Thyparamban. DTP & Printing: Joice Thottackad, Sophia Print House, Surya Guest Line, Thekkenada, Kottayam, Ph: 0481 - 3255054, 99471 20697